പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006–2008)

**ഒന്നാമത് റിപ്പോർട്ട്**

(2006 ഒക്ടോബർ മാസം 19–ാം തീയതി സഭയിൽ സമർപ്പിച്ചത്)

**ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ നഗരസഭകളെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ
(1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ അടിസ്ഥാനത്തിൽ
തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2006

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006–2008)

ഒന്നാമത് റിപ്പോർട്ട്

(2006 ഒക്ടോബർ മാസം 19–ാം തീയതി സഭയിൽ സമർപ്പിച്ചത്)

ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ നഗരസഭകളെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ
(1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

991/2006.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006–2008)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. എൻ. അനിരുദ്ധൻ

അംഗങ്ങൾ :

ശ്രീ. കെ. കെ. ദിവാകരൻ
,, എം. എം. മോനായി
,, സി. പി. മുഹമ്മദ്
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴിക്കാടൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എം. സി. വത്സൻ, സെക്രട്ടറി
ശ്രീ. എസ്. പരമേശ്വരൻ, ജോയിന്റ് സെക്രട്ടറി
ശ്രീ. ഡി. സുകുമാരൻ ആചാരി, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി കെ. എ. അച്ചാമ്മ, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (1998 മുതൽ 2002 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2006 സെപറ്റംബർ മാസം 13-ാം തീയതി ചേർന്ന സമിതിയോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻ. അനിരുദ്ധൻ,

അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2006 ഒക്ടോബർ 19.

# റിപ്പോർട്ട്

## ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ നഗരസഭകൾ

## ആലപ്പുഴ ജില്ല

### കായംകുളം നഗരസഭ

ഓഡിറ്റ് ഖണ്ഡിക—കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മാണം—സർക്കാർ നിർദ്ദേശം അവഗണിച്ച് കരാറിൽ ഏർപ്പെട്ടു

"നഗരസഭയുടെ 32-ാം വാർഡിൽ 32 മുറികളുള്ള ഒരു കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനു 1,05,70,000 രൂപയുടെ അടങ്കൽ തയ്യാറാക്കി ടെണ്ടർ വിളിക്കുകയും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 70% അധികരിച്ച ടെണ്ടറിന് 3-8-1995-ലെ ജി.ഒ.(ആർ.ടി.) നമ്പർ 4617/95 എൽ. എ. ഡി. ഉത്തരവുപ്രകാരം അനുമതിയും ലഭിച്ചു. ടെണ്ടർ എക്സസിനെപ്പറ്റിയുള്ള ഉത്തരവിൽ കരാറുകാരന് യാതൊരു നിർമ്മാണ സാമഗ്രികളും നൽകരുതെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. 3-8-1995-ലെ സർക്കാർ ഉത്തരവ് ആകും മുൻപേ 15-6-1995-ൽ കരാറുകാരനുമായി നഗരസഭ 70% അധികരിച്ച നിരക്കിൽ കരാറിനുടമ്പടി വയ്ക്കുകയും അതനുസരിച്ച് നഗരസഭതന്നെ പണിക്കാവശ്യമായ സിമന്റു വാങ്ങി എസ്റ്റിമേറ്റ് നിരക്കായ 95 രൂപ (ഒരു ചാക്കിന്) പ്രകാരം നൽകുമെന്നും വ്യവസ്ഥചെയ്തു. ഇപ്രകാരം 4-8-1995 മുതൽ ആഡിറ്റുനടന്ന തീയതിവരെ 14200 ചാക്ക് സിമന്റ് 24,21,650 രൂപ ചെലവഴിച്ച് നഗരസഭ വാങ്ങി നൽകുകയുണ്ടായി. പണി പൂർത്തിയാകാത്തതിനാൽ കരാർ അനുസരിച്ച് തുടർന്നും സിമന്റ് വാങ്ങി നൽകേണ്ടതുണ്ട്. ആയതിനാൽ നിയമവിരുദ്ധമായി കരാറിൽ ഏർപ്പെട്ടതുമൂലം പണി പൂർത്തിയാകുന്നതുവരെ കരാറുകാരന് നൽകാൻ ഇടയാകുന്ന സിമന്റിന്റെ വിതരണത്തിലുണ്ടാകുന്ന അധികചെലവു മുഴുവനും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V. 6 (a)]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 9-9-2004 സി4/15135/04 നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

1. "കായംകുളം നഗരസഭയുടെ 32-ാം വാർഡിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് വേണ്ടി കരാറുകാരന് 33,22,100 രൂപ കൊടുത്തിട്ടുള്ളത് സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശം. ഓഡിറ്റ് സമയത്ത് വർക്ക് തീർത്ത് മെഷർമെന്റ് ബുക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 33,22,100 രൂപാ ഒബ്ജക്ട് ചെയ്താണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. വർക്ക് ചെയ്തത് സംബന്ധിച്ച് ആക്ഷേപങ്ങൾ ഒന്നും ഓഡിറ്റിൽ പറഞ്ഞിട്ടില്ലാത്തതാണ്. മെഷർമെന്റ് ബുക്ക് ഹാജരാക്കി ഒബ്ജക്ഷൻ എത്രയും പെട്ടെന്ന് പരിഹരിക്കുന്നതാണ്."

2. 1995-ലെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയുടെ ആഡിറ്റ് 5 വർഷം താമസിച്ച് നടത്താനും, ആഡിറ്റ് തടസ്സത്തിന് ഇടയായതിനും, ആയതു നാളിതുവരെ പരിഹരിക്കാതിരിക്കാനും ഇടയാക്കിയ കാരണമെന്തെന്ന് ഭരണ വകുപ്പിനോട് സമിതി ആരാഞ്ഞു.

3. 1996–97–ലെ ഓഡിറ്റിൽ ഇതേക്കുറിച്ച് പരാമർശിക്കുകയും ഇതേക്കുറിച്ച് ഒരു പ്രത്യേക കത്ത് സർക്കാരിലേക്ക് അയയ്ക്കുകയും 1996–97–ലെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നത്തെ സെക്രട്ടറി സെബാസ്റ്റ്യനെതിരെ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചുകൊണ്ട് അച്ചടക്ക നടപടികൾ ആരംഭിക്കുകയും ചെയ്തു എന്നും കോൺട്രാക്ടറെ അനധികൃതമായി സഹായിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നു എന്നും നഗരകാര്യ ജോയിന്റ് ഡയറക്ടറും വിജിലൻസ് വകുപ്പ് ബന്ധപ്പെട്ട ഫയലുകൾ കൊണ്ടുപോയിരുന്നു എന്നും അതിനാൽ നടപടി സ്വീകരിക്കാൻ കാലതാമസം ഉണ്ടായി എന്നും കായംകുളം മുനിസിപ്പൽ സെക്രട്ടറിയും സമിതിയെ അറിയിച്ചു. ഫയലുകൾ തിരികെ കിട്ടിയതിനുശേഷം ഓഡിറ്റ് പരാമർശത്തിന് മറുപടി കൊടുക്കുവാൻ വകുപ്പിൽ നിന്നും എന്തു നടപടി സ്വീകരിച്ചുവെന്നുള്ള സമിതിയുടെ അന്വേഷണത്തിന് സെക്രട്ടറിയുടെ നിയമനാധികാരി സർക്കാർ ആയതിനാൽ മുനിസിപ്പൽ ഡയറക്ടർ കരട് കുറ്റപത്രം തയ്യാറാക്കി സർക്കാരിന് നൽകുകയും സർക്കാർ സെക്രട്ടറിക്ക് കൊടുക്കുകയുമാണ് നടപടി ക്രമമെന്നും ആയതിലേക്ക് സർക്കാരിന്റെ ആവശ്യപ്രകാരം കുറ്റപത്രം തയ്യാറാക്കുന്നതിനായി ഫയൽ ആവശ്യപ്പെട്ടപ്പോൾ ഫയൽ വിജിലൻസുകാർ എടുത്തെന്നറിഞ്ഞെന്നും വിജിലൻസിൽ നിന്നും ഫയൽ വാങ്ങി കരട് തയ്യാറാക്കിക്കൊണ്ടിരുന്നപ്പോഴാണ് സമിതി തെളിവെടുപ്പിനായി നഗരസഭയിൽ നിന്നും ഫയൽ ആവശ്യപ്പെട്ടതെന്നും അങ്ങനെ ഫയൽ മടക്കിക്കൊടുത്തുവെന്നും നഗരകാര്യ ജോയിന്റ് ഡയറക്ടറും സമിതിയെ അറിയിച്ചു.

4. കുറ്റക്കാരനായ സെക്രട്ടറി റിട്ടയർ ചെയ്ത സാഹചര്യത്തിൽ ടിയാനെതിരെ അച്ചടക്കനടപടിയൊന്നും തന്നെ സ്വീകരിക്കുവാൻ സാധിക്കുകയില്ലായെന്നും ടിയാൻ സർവ്വീസിലുണ്ടായിരുന്ന സമയത്ത് ഇതെല്ലാം ചെയ്യേണ്ടതല്ലായിരുന്നോ എന്നും അയാൾക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകിയോയെന്നും സമിതി അന്വേഷിച്ചതിന് പെൻഷനും മറ്റാനുകൂല്യങ്ങളും തടഞ്ഞുവച്ചിരിക്കുകയാണെന്ന് നഗരകാര്യ ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

5. ടെണ്ടർ എക്സസ് നൽകിയതിൽ ക്രമക്കേടുണ്ടെന്ന് വ്യക്തമായി ഓഡിറ്റ് റിപ്പോർട്ടും ആയതിന്മേൽ വിജിലൻസ് അന്വേഷണവും ഉണ്ടായിട്ടും സർക്കാർ ഉത്തരവ് ലംഘിച്ച് 1,55,00,000 രൂപായുടെ തിരിമറി നടത്തിയ വ്യക്തിക്കെതിരെ എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ലായെന്ന് സമിതി ആരാഞ്ഞു. 8–9–1999–ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും ഇതിനെതിരെ ഇതു സംബന്ധിച്ച് ഡെപ്യൂട്ടി ഡയറക്ടറും, 2000–ൽ സർക്കാരിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് 2001–ൽ സർക്കാരിലേക്ക് നൽകിയ വിശദീകരണത്തിൽ സിമന്റ് വാങ്ങിയ തിനെക്കുറിച്ചും ടെണ്ടർ എക്സസിനെക്കുറിച്ചും അറിയിച്ചിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറിയും സമിതിയെ അറിയിച്ചു. സർക്കാർ ഉത്തരവുപ്രകാരം ടെണ്ടർ എക്സസ് അനുവദിച്ചാൽ നിർമ്മാണ സാധന സാമഗ്രികൾ നൽകരുതെന്നാണ് വ്യവസ്ഥ. എന്നാൽ ഇതിനെതിരായിട്ടാണ് നഗരസഭ സിമന്റ് വാങ്ങി നൽകിയത് അന്നത്തെ എഞ്ചിനീയർ ആരായിരുന്നുവെന്നും ആരൊക്കെയാണ് ഇതിന് തുടക്കമിട്ടതെന്നും താഴെക്കിടയിലുള്ള ഉദ്യോഗസ്ഥർക്ക് ഇതിലെന്താണുത്തര വാദിത്വമെന്നും സമിതി ആരാഞ്ഞു. അന്ന് അസിസ്റ്റന്റ് എഞ്ചിനിയർക്കായിരുന്നു ചുമതലയെന്നും ടിയാൻ ഇപ്പോൾ കൊല്ലം കോർപ്പറേഷനിൽ എക്സിക്യൂട്ടീവ്

എഞ്ചിനിയറായി സേവനമനുഷ്ഠിക്കുകയാണെന്നും സെക്രട്ടറിയുടെ പെൻഷൻ ആനുകൂല്യങ്ങൾ മാത്രമേ തടഞ്ഞുവച്ചിട്ടുള്ളൂവെന്നും മറ്റുള്ളവർ സർവ്വീസിൽ തുടരുന്നതുകൊണ്ട് അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നഗരകാര്യ ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. ടെണ്ടർ കമ്മിറ്റി അംഗീകരിച്ചുതന്ന ജോലിയാണിതെന്നും ഇതിന് 'വർക്ക് ഓർഡർ' കൊടുത്തു കൊള്ളണമെന്ന് ഡി.എം.ഇ. ഓഫീസിൽ നിന്നും അറിയിപ്പു തന്നിരുന്നെന്നും അതനുസരിച്ചാണ് ഉത്തരവ് നൽകിയതെന്നും എസ്റ്റിമേറ്റുപ്രകാരം ഒരു ചാക്ക് സിമന്റിന് 95 രൂപയാണ് വിലയിട്ടിരുന്നതെന്നും അതിൽ 70% ടെണ്ടർ എക്സസും 10% ലാഭവും കൂടി ചേർന്നാണ് കരാറുകാരന് ആ ഉത്തരവു പ്രകാരം കൊടുക്കേണ്ടതെന്നും ആദ്യം സിമന്റ് വാങ്ങികൊടുത്തത് ഒരു ചാക്കിന് 105 രൂപ വച്ചാണെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

6. സർക്കാർ ഉത്തരവിനു വിരുദ്ധമായിട്ടാണ് ചെയ്തിരിക്കുന്നതെങ്കിലും കണക്കുകൂട്ടി നോക്കുമ്പോൾ നഗരസഭയ്ക്ക് നഷ്ടമൊന്നുമുണ്ടായിട്ടില്ലായെന്ന് കായംകുളം നഗരസഭാ സെക്രട്ടറി തെളിവെടുപ്പുവേളയിൽ സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

7. ടെണ്ടർ എക്സസ് അനുവദിക്കുമ്പോൾ യാതൊരുവിധ നിർമ്മാണ സാമഗ്രികളും നൽകുവാൻ പാടില്ലായെന്ന സർക്കാർ ഉത്തരവു നിലനിൽക്കെ, ടെൻഡർ ഉത്തരവ് അനുവദിച്ചതിനുശേഷം സിമന്റ് വാങ്ങി നൽകിയ നഗരസഭാ സെക്രട്ടറി, ശ്രീ. സെബാസ്റ്റ്യൻ പദ്ധതിയുടെ മേൽ നോട്ടം വഹിച്ച മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണ് നടത്തിയിരിക്കുന്നതെന്നും സമിതി വിലയിരുത്തുന്നു.

8. 1996-97-ലെ പദ്ധതിയെക്കുറിച്ച് ഓഡിറ്റ് പരാമർശവും വിജിലൻസ് അന്വേഷണവും ഉണ്ടായിട്ടും, ഇതിന്മേൽ തുടർ നടപടി പൂർത്തിയാക്കാതെ നഗരകാര്യ വകുപ്പ് അതിന്റെ ഭരണപരമായ കടമ നിറവേറ്റുന്നതിൽ പരാജയപ്പെട്ടതായും ഇപ്രകാരമുള്ള ഭരണപരമായ അനാസ്ഥ നഗരസഭകളിൽ അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും വർദ്ധിക്കുന്നതിനു ഇടയാക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു.

9. സർക്കാർ ഉത്തരവിനു വിരുദ്ധമായി കരാറിലേർപ്പെട്ടുവെന്നും അതുവഴി നഗരസഭയ്ക്ക് നഷ്ടമുണ്ടാക്കിയെന്നുമുള്ള ഓഡിറ്റ് പരാമർശമുണ്ടായിട്ടും നഷ്ടമുണ്ടായിട്ടില്ലായെന്ന് സമിതിയുടെ തെളിവെടുപ്പുവേളയിൽ കായംകുളം നഗരസഭാ സെക്രട്ടറി സമർത്ഥിക്കാൻ ശ്രമിച്ചത് സമിതിയെ തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള ശ്രമമാണെന്ന് സമിതി കരുതുന്നു.

10. സർക്കാർ ഉത്തരവിനെ മറികടന്നുകൊണ്ട് നഗരസഭയ്ക്ക് നഷ്ടമുണ്ടാക്കിയ ബന്ധപ്പെട്ട മുൻസെക്രട്ടറി മുൻമുനിസിപ്പൽ എഞ്ചിനീയർ എന്നിവരിൽ നിന്നും നഷ്ടപ്പെട്ട തുക പലിശസഹിതം ഈടാക്കുവാനും കാലഹരണമുൾപ്പെടെയുള്ള സാങ്കേതിക കാരണങ്ങളാൽ ഇതിനു കഴിയാതെവന്നാൽ യഥാസമയം നടപടി സ്വീകരിച്ച് ബന്ധപ്പെട്ടവരിൽ നിന്നും നഷ്ടം വസൂലാക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്ന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത നഷ്ടം ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക—കെട്ടിങ്ങളുടേയും സ്റ്റാളുകളുടേയും വാടക-വാർഷിക വർദ്ധന നടത്തിയിട്ടില്ല

"നഗരസഭകളുടെ ഉടമസ്ഥതയിലുള്ള ബങ്കുകൾ, കംഫർട്ടുസ്റ്റേഷൻ, കടമുറികൾ, ലോറിസ്റ്റാന്റ് കെട്ടിടം, വെജിറ്റബിൾ മാർക്കറ്റ്, സ്റ്റാളുകൾ റെസ്റ്റ് ഹൗസ് തുടങ്ങിയവയുടെ പ്രതിമാസ വാടക പാട്ടക്കാരിൽ നിന്നും വാർഷികമായി നിലവിലുള്ള വാടകയേക്കാൾ 5% വർദ്ധിപ്പിച്ച് 1995-96 വർഷം ഈടാക്കാൻ 15-2-1995-ലെ നഗരസഭാ കൗൺസിലിൽ തീരുമാനം ആകുകയും അപ്രകാരം ഉയർന്ന നിരക്കിൽ 1995-96-ൽ വാടക പിരിക്കുകയും ചെയ്തു. എന്നാൽ 1996-ൽ ഇപ്രകാരമുള്ള വർദ്ധനവ് പരിഗണിച്ചില്ല. 28-12-1985-ലെ ഗവൺമെന്റ് സർക്കുലർ നമ്പർ 13967/സി2/85/എൽ.എ.ഡി. പ്രകാരം നഗരസഭകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വാടകയിൽ പ്രതിവർഷം കുറഞ്ഞത് 5% വർദ്ധന വരുത്തേണ്ടതാണ് എന്ന് നിഷ്ക്കർഷിക്കുന്നു. എന്നാൽ 1996-97 വർഷം ഈ വിധം ഒരു വർദ്ധനവും വരുത്താത്തതുമൂലം നഗരസഭയ്ക്ക് 42276 രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കുന്നു."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് 1999-2000 ഖണ്ഡിക നമ്പർ V 6(b)]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് 9-9-2004-ലെ സി4/15135/04 നമ്പർ കത്തുപ്രകാരം നഗരകാര്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി)

11. "കെട്ടിടങ്ങളുടേയും സ്റ്റാളുകളുടേയും വാടക വാർഷിക വർദ്ധനവ് നടത്തിയിട്ടില്ല എന്നതും 15-2-95-ലെ 16-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 1995-96 വർഷത്തേക്ക് മുനിസിപ്പാലിറ്റിയുടെ സ്റ്റാളുകൾക്ക്, കെട്ടിടങ്ങൾക്ക് വാടക 5% വർദ്ധനവ് വരുത്തിയിട്ടുണ്ട് എന്നും എന്നാൽ 1996-97 വർഷത്തിൽ അത്തരത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ലായെന്നും അത് കാരണത്താൽ 42276 രൂപ കുറവായിട്ട് വന്നിട്ടുള്ളതായും അത്രയും തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കണം എന്നുമാണ് ഓഡിറ്റ് ഒബ്ജക്ഷനിൽ പറഞ്ഞിട്ടുള്ളത്.

12. 1995-96 വർഷത്തേക്ക് കൗൺസിൽ തീരുമാനപ്രകാരം മുനിസിപ്പാലിറ്റിയിലെ കടമുറികൾക്കും, സ്റ്റാളുകൾക്കും 5% വർദ്ധനവ് വരുത്തി 15-12-1995-ൽ കൗൺസിൽ തീരുമാനം എടുത്തിരുന്നു. കൗൺസിൽ തീരുമാനത്തിൽ 1995-96 വർഷത്തേക്ക് മാത്രമാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്. പിന്നീടുള്ള വർഷങ്ങളിലേക്ക് വർദ്ധനവ് വരുത്തുന്നതിനുവേണ്ടി കൗൺസിൽ തീരുമാനം ആവശ്യമാണ്. ഒരു പ്രാവശ്യം കടമുറികളും, സ്റ്റാളുകളും വാടകവീടുകളും വാടകയ്ക്ക് എടുത്തിട്ടുള്ളവർ എഗ്രിമെന്റ് വച്ചിട്ടുള്ളത് എത്ര വർഷത്തേക്കാണോ അത്രയും വർഷം കഴിഞ്ഞതിന് ശേഷം മാത്രമേ വാടകയിൽ വർദ്ധനവ് വരുത്താൻ കഴിയൂ.

13. 1995-96 വർഷത്തേക്കും വർദ്ധനവ് വരുത്തിയതുകൊണ്ട് 1996-97-ലും വർദ്ധനവ് വരുത്തേണ്ടതാണ് എന്നുള്ള തരത്തിലാണ് ഓഡിറ്റ് ഒബ്ജക്ഷനിൽ എഴുതിയിട്ടുള്ളത്. 1995-96 കൗൺസിൽ തീരുമാനപ്രകാരം വരുത്തിയ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് കണക്കാക്കുകയും അതിൻപ്രകാരം നഗരസഭ തുടർന്നുള്ള വർഷങ്ങളിലും തുക ഈടാക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റിനെ ബോദ്ധ്യപ്പെടുത്തി ഒബ്ജക്ഷൻ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്."

14. വാടക ഇനത്തിൽ 5% വർദ്ധന നടത്തണമെന്ന് സർക്കാർ ഉത്തരവ് നേരത്തെയുള്ളതല്ലേയെന്നും കരാറിലേർപ്പെടുമ്പോൾ തന്നെ 5% വാർഷിക വർദ്ധനവുണ്ടാകുമെന്നത് തീർച്ചയല്ലേ എന്നും സമിതി അന്വേഷിച്ചതിന് ഓരോ വർഷവും 5% വർദ്ധനവ് വരുത്തണമെന്ന് കൃത്യമായി പറയുന്നില്ലെന്നും, കൗൺസിൽ നിശ്ചയിക്കുന്ന കാലവധിയിലേക്കാണ് കരാറിലേർപ്പെടുന്നതെന്നും അതുകൊണ്ടുതന്നെ ആ കാലാവധിക്കുശേഷമേ വർദ്ധന നടപ്പാക്കാൻ കഴിയൂവെന്നും കായംകുളം മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

15. കരാറിൽ ഒപ്പിടുമ്പോൾ സർക്കാർ കാലാകാലങ്ങളിൽ വർദ്ധന വരുത്തിക്കൊണ്ടിറക്കുന്ന ഉത്തരവുകൾ പ്രസ്തുത കരാറുകൾക്ക് ബാധകമാണെന്ന വ്യവസ്ഥകൂടെ ചേർക്കണമെന്നും സർക്കാർ ഉത്തരവിന് വിരുദ്ധമായി കൗൺസിലിന് തീരുമാനമെടുക്കാനാവില്ലായെന്നും സമിതി അഭിപ്രായപ്പെട്ടു. രജിസ്റ്റർ ചെയ്ത കരാറാണോ വച്ചിരിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് ഒരു വർഷത്തേക്കുള്ള കരാറാണ് വച്ചിരിക്കുന്നതെന്നും മൂന്നോ അതിൽ കൂടുതലോ വർഷത്തേക്കുള്ള കരാറുകൾ മാത്രമേ രജിസ്റ്റർ ചെയ്യേണ്ടതുള്ളൂ എന്നും കൗൺസിൽ തീരുമാന പ്രകാരം നിശ്ചിതകാലയളവിലേക്കാണ് കൊടുക്കുന്നതെന്നും ആ കാലയളവിന് പൂർണ്ണമായി ഒരു നിശ്ചിത നിരക്കായിരിക്കുമെന്നും ആ കാലയളവിനുശേഷം അടുത്ത കരാറിലേർപ്പെടുമ്പോഴേ വർദ്ധന നിശ്ചയിക്കുകയുള്ളൂവെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. കൗൺസിൽ തീരുമാനങ്ങൾ സർക്കാർ ഉത്തരവിന് വിധേയമായിരിക്കണമെന്നും സർക്കാർ ഉത്തരവുകൾ സെക്രട്ടറി കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടിയിരുന്നുവെന്നും ഗവൺമെന്റ് ഉത്തരവിനു വിരുദ്ധമാണ് കൗൺസിലിന്റെ തീരുമാനമെന്നകാര്യം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്താതിരുന്ന സെക്രട്ടറിയാണ് ഇതിനുത്തരവാദിയെന്നും സമിതി അഭിപ്രായപ്പെട്ടു. 1996-97-ലും മുൻ വർഷത്തെ നിരക്കിൽ തന്നെയാണോ വാടക നിശ്ചയിച്ചതെന്ന് സമിതി ആരാഞ്ഞതിന് 1995-96-ൽ ഒരു വർഷത്തേക്കാണ് കരാർ വച്ചിരുന്നതെന്നും 1996-97-ൽ വീണ്ടും ഒരു വർഷത്തേക്കായിരുന്നു വാടകയ്ക്ക് നൽകിയതെന്നും 1996-97 ലും മുൻവർഷത്തെ അതേ തുകയ്ക്കാണ് കരാർ വച്ചതെന്ന് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. ശ്രീ. സെബാസ്റ്റ്യനായിരുന്നു അന്നത്തെ സെക്രട്ടറി എന്നും അദ്ദേഹം അറിയിച്ചു.

16. സർക്കാർ ഉത്തരവിനുവിരുദ്ധമായി തീരുമാനമെടുക്കുകയും ആ തീരുമാനത്തിലൂടെ നഷ്ടമുണ്ടായതായി ലോക്കൽ ഫണ്ട് വകുപ്പ് യഥാസമയം ചൂണ്ടിക്കാട്ടിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് ഗുരുതരമായ കൃത്യവിലോപമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

## നിഗമനങ്ങൾ/ശുപാർശകൾ

17. നഗരസഭാ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുമ്പോൾ വർഷംതോറും 5% വർദ്ധനവ് വരുത്തണമെന്ന് വ്യക്തമായ സർക്കാർ ഉത്തരവുണ്ടായിരിക്കെ അക്കാര്യം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് ഉത്തരവിന് അനുസൃതമായി വർദ്ധനവു വരുത്തുവാൻ ബാദ്ധ്യസ്ഥനായ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ അപ്രകാരം ചെയ്യാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായ കൗൺസിൽ തീരുമാനത്തിനു സാഹചര്യമൊരുക്കിയതുവഴി നഗരസഭയ്ക്ക് 42276 രൂപയുടെ നഷ്ടമാണ് വരുത്തിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത സെക്രട്ടറിയിൽ നിന്നുതന്നെ തുക പലിശ സഹിതം ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

18. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ നാളിതുവരെ തുടർ നടപടി സ്വീകരിക്കാതിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആവശ്യപ്പെടണമെന്നും ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക—പട്ടികവിഭാഗം പ്രോജക്ടിൽ നിന്നും അനധികൃതമായി തുക വകമാറ്റി ചിലവഴിച്ചു

"മുനിസിപ്പൽ സെക്രട്ടറി ഇംപ്ലിമെന്റിംഗ് ഓഫീസറായി പട്ടികജാതി പട്ടികവർഗ്ഗം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുവേണ്ടി വകയിരുത്തിയിരുന്ന 16,11,470 രൂപയിൽ നിന്നും റോഡുകളുടെ ആവശ്യത്തിന് ടാർ വാങ്ങാനെന്ന പേരിൽ 10,00,000 രൂപ പിൻവലിച്ച് വകമാറ്റി ചെലവാക്കിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ പ്രോജക്ടുകൾ നടപ്പിലാക്കാതെ തുക വകമാറ്റി ചെലവഴിക്കാനുണ്ടായ സാഹചര്യത്തെപ്പറ്റി വിശദമായി അന്വേഷിക്കേണ്ടതും ഗുരുതരമായ ഈ ക്രമക്കേട് നടത്തിയവർക്കെതിരെ സത്വര നടപടികൾ സ്വീകരിക്കേണ്ടതും ഉത്തരവാദിയായവരിൽ നിന്നും തുക ഈടാക്കി ഫണ്ടിൽ തിരികെ അടയ്ക്കേണ്ടതുമാണ്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI. 2.1]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് നഗരകാര്യ ഡയറക്ടർ 9-9-2004-ലെ സി4/15135/04 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി)

19. "പട്ടികജാതി/പട്ടിക വർഗ്ഗം പ്രോജക്ടിൽ നിന്നും ടി വിഷയം സംബന്ധിച്ച മറുപടി 23-12-2003-ൽ ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതാകുന്നു. ടി ഫയൽ വിജിലൻസിൽ കേസ് സംബന്ധിച്ച് ഹാജരാക്കിയിട്ടുള്ളതാണ്."

ഓഡിറ്റ് ഖണ്ഡിക—ടാർ വാങ്ങുന്നതിന് തുക മുൻകൂർ നൽകി

" ജനകീയാസൂത്രണപ്രോജക്ട് പ്രകാരമുള്ള റോഡുകൾക്കായി ടാർ വാങ്ങുന്നതിന് 1998 ഫെബ്രുവരിയിൽ 10 ലക്ഷം രൂപ ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് അടച്ചിട്ടുണ്ടെങ്കിലും 1998 ഡിസംബർ മാസം വരെ ആകെ 8,17,390 രൂപയ്ക്കുള്ള ടാർ മാത്രമേ ലഭിച്ചിട്ടുള്ളൂ. DPC അംഗീകരിച്ചിട്ടില്ലാത്ത പ്രസ്തുത പദ്ധതിക്ക് അനുമതിയില്ലാതെ ധൃതിപിടിച്ച് 1997-98 പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി തുക ചെലവാക്കിയിട്ടും 18-7-1998-നുശേഷം മാത്രമാണ് ടാർ ലഭിച്ചിട്ടുള്ളത്. ടി കാരണങ്ങളാൽ ടാറിന് മുൻകൂറായി നൽകിയ 10,00,000 രൂപ ആഡിറ്റ് അനുവദിക്കുന്നില്ല."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-02-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VIII. 2.2]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് 9-9-2004-ലെ സി4/15135/04 നമ്പർ കത്തുപ്രകാരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ മറുപടി)

20. "1997-98 വർഷത്തെ പൊതുമരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഓരോ പ്രവർത്തിയുടേയും ടാറിന്റെ ഉപയോഗം ആയതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടാർ ഉൾപ്പെടെയുള്ള പ്രോജക്ടിനാണ് പ്ലാനിംഗ് ബോർഡ് അംഗീകാരം തന്നിട്ടുള്ളത്. അതിനാലാണ് ടാർ വാങ്ങുന്നതിനായി ഒരു പ്രോജക്ട് പ്രത്യേകം തയ്യാറാക്കാതിരുന്നത്.

21. 12-2-1998-ൽ ടാറിനുള്ള തുക ഏകദേശം കണക്കാക്കി മുൻകൂർ അടച്ചത് 31-3-1998-ൽ പദ്ധതി അവസാനിക്കുമെന്നതിനാലാണ്. എന്നാൽ ടാറിന്റെ ലഭ്യത കുറഞ്ഞതിനാൽ ഐ.ഒ.സി.യിൽ നിന്ന് വളരെ വൈകിയാണ് ടാർ ഇവിടെ വന്നത്. 1997-98-ലെ പ്രവൃത്തികൾ തീർന്നസ്റ്റേജിൽ അവസാനിപ്പിക്കുകയും 1998-99-ൽ ഇതേ പ്രവർത്തികൾ പുതുതായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളതിനാലാണ് ടാറിനായി ഒരു പ്രത്യേകം പ്രോജക്ട് സ്പിൽ ഓവറിൽ ഉൾപ്പെടുത്തിയിരുന്നത്.

22. ഐ.ഒ.സി.യിൽ നിന്നും ടാർ വാങ്ങിക്കൊണ്ടു വരുന്നതിന് 'പാണ്ഡവാ ട്രാവൽസിനെ' ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും അവർ ചാർജ്ജ് വർദ്ധിപ്പിച്ചു തരണമെന്ന് പറഞ്ഞതിനാൽ ക്വട്ടേഷൻ വിളിക്കുകയും കൗൺസിൽ തീരുമാനത്തോടെ കുറഞ്ഞ നിരക്ക് ക്വാട്ട്ചെയ്ത ശ്രീ. മുഹമ്മദ് കുഞ്ഞിന് ക്വട്ടേഷൻ ഉറപ്പിച്ചു നൽകുകയും ടിയാൻ ടാർ നഗരസഭയിൽ കൊണ്ടുവന്നിട്ടുള്ളതുമാണ്.

23. 600 ബാരൽ ടാർ വന്നതിനുശേഷം വീണ്ടും ടാറിനായി പണം അടച്ചിരുന്നു. അതിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തി 50 ബാരൽ ടാർ ഇവിടെ ലഭിച്ചിട്ടുള്ളതാണ്. ആകെ അടച്ച തുകയും ലഭിച്ച ടാറിന്റെ അളവും പരിശോധിച്ചാൽ (സ്റ്റോക്ക് രജിസ്റ്റർ) വ്യത്യാസമില്ലെന്ന് ബോദ്ധ്യമാകുന്നതാണ്.

24. 1997-98 വർഷത്തെ എസ്.സി/എസ്.റ്റി. പ്രോജക്ടുകൾക്ക് അനുവദിച്ചിരുന്ന തുകയിലെ ഏകദേശം 4 ലക്ഷം രൂപ ഒഴിച്ച് ബാക്കി തുക മുഴുവൻ വിവിധ പ്രോജക്ടുകൾക്കായി ഇതേ വർഷം ചെലവ് ചെയ്തിട്ടുണ്ട്. ചെലവ് ചെയ്യാത്ത തുകകൂടി 1998-99 വർഷ പ്രോജക്ടിൽ അധികമായി ചേർത്ത് എസ്.സി./എസ്.റ്റി. പ്രോജക്ടുകൾ തയ്യാറാക്കുകയും ജനറൽ ഫണ്ടിൽ നിന്ന് കുറവ് വരുത്തുകയും ചെയ്തിട്ടുള്ളതാണ്. ആയതിനാൽ തുക വകമാറ്റി ചെലവ് ചെയ്തിട്ടില്ല. ഫയലുകൾ പരിശോധിച്ച് ബോദ്ധ്യപ്പെടാവുന്നതാണ്.

25. മേൽപ്പറഞ്ഞ കാര്യങ്ങൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് ടാർ വാങ്ങിയ 10 ലക്ഷം രൂപയുടെ ഓഡിറ്റ് തടസ്സവും സർചാർജ്ജ് നടപടികളും ഒഴിവാക്കുവാൻ താല്പര്യപ്പെടുന്നു."

26. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായുള്ള പദ്ധതിക്കായി നീക്കിവച്ച തുക ടാർ വാങ്ങിക്കുവാനായി വിനിയോഗിക്കാൻ കാരണമെന്താണെന്നും ഇതിനെതിരെ വിജിലൻസ് കേസുണ്ടോയെന്നും ഉണ്ടെങ്കിൽ അവരുടെ കണ്ടെത്തലെന്താണെന്നും സമിതി ആരാഞ്ഞു. 1997-98-ൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള പദ്ധതിക്കായി നീക്കി വച്ചിരുന്ന തുക സാമ്പത്തിക വർഷം അവസാനമായപ്പോൾ ചെലവഴിക്കാതെ വന്ന സാഹചര്യത്തിലാണ് നാലര ലക്ഷം രൂപ വകമാറി ടാറിനായി വിനിയോഗിച്ചതെന്നും തുടർന്നുള്ള വർഷങ്ങളിൽ പട്ടികജാതി മേഖലയ്ക്ക് വയ്ക്കേണ്ടതിനേക്കാൾ കൂടുതൽ തുക വകയിരുത്തി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ്സുണ്ടെന്നും അന്തിമ റിപ്പോർട്ടായിട്ടില്ലെന്നും കായംകുളം നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

27. പ്രസ്തുത സാമ്പത്തിക വർഷം എന്തൊക്കെ പദ്ധതികളാണ് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിനു വേണ്ടി നടപ്പാക്കിയതെന്നും അതിന് എത്ര രൂപ ചെലവായെന്നും ജില്ലാതല ആസൂത്രണ സമിതി എത്ര രൂപയ്ക്കുള്ള പദ്ധതിക്കാണ് അനുമതി നല്കിയതെന്നും പട്ടികജാതി/വർഗ്ഗ പദ്ധതിക്കായി അനുവദിച്ച തുക വകമാറ്റി

കൊടുത്തതിന് സാധൂകരണം വാങ്ങിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് പട്ടികജാതി മേഖലയിലുണ്ടായിരുന്ന തുക മുഴുവനും ആദ്യം സെക്രട്ടറിയുടെ പ്ലാൻ പി.ഡി. അക്കൗണ്ടിലേക്ക് മാറ്റിയിട്ട് അതിൽ നിന്നുമാണ് ടാറിനു വേണ്ടി 10 ലക്ഷം രൂപ ചെലവഴിച്ചതെന്നും പട്ടികജാതി പദ്ധതി നടപ്പാക്കിയപ്പോൾ ആ മേഖലയിൽ നാലര ലക്ഷം രൂപയുടെ കുറവാണ് വന്നതെന്നും സർക്കാരിൽ നിന്നും 7,54,250 രൂപയാണ് ഒരു ഗഡുവായി ലഭിച്ചതെന്നും 10 ലക്ഷം രൂപയുടെ പദ്ധതിയായിരുന്നെന്നും നഗരസഭാ സെക്രട്ടറി വ്യക്തമാക്കി.

28. പദ്ധതി കാലയളവിലെ സെക്രട്ടറി ആരായിരുന്നെന്നും റോഡുകളുടെ നിർമ്മാണത്തിന് ടാർ ആവശ്യമായ പദ്ധതികളിൽ ടാറിന് നീക്കി വച്ചിട്ടുള്ള തുക എന്തുകൊണ്ടാണ് ഇക്കാര്യത്തിന് ഉപയോഗിക്കാതിരുന്നതെന്നും സമിതി ആരായുകയുണ്ടായി. ഓരോ പദ്ധതിയിലും ടാറിനു വേണ്ട തുക വകയിരുത്തി അംഗീകാരം നേടിയിരുന്നതാണെന്നും ഓരോ പദ്ധതിക്കായി അനുവദിച്ച തുക ഒന്നായി കണക്കാക്കി ടാർ വാങ്ങുന്നതിന് നൽകിയതാണെന്നും ആദ്യ ഗഡുവായി കിട്ടിയ തുക മിക്കവാറും നിർവ്വഹണോദ്യോഗസ്ഥർക്ക് വീതിച്ചു നല്കിയെന്നും ടാറിന് മുൻകൂർ തുക കൊടുക്കേണ്ടിയിരുന്നതിനാലും അപ്രകാരം കൊടുക്കുവാനായി സെക്രട്ടറിയുടെ അക്കൗണ്ടിൽ പൊതു വിഭാഗത്തിൽ തുക ലഭ്യമല്ലാത്തതിനാലുമാണ് പണം വകമാറ്റി ചെലവഴിച്ചതെന്നും, കായംകുളം നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനു നീക്കി വച്ചിട്ടുള്ള ഫണ്ടിൽ നിന്നും യാതൊരു തരത്തിലുള്ള വക മാറ്റലും പാടില്ലാ എന്ന് തുടക്കത്തിലേ തന്നെ സർക്കാർ വ്യക്തമാക്കിയിരുന്നതാണ് എന്ന് തദ്ദേശ സ്വയംഭരണ വകുപ്പുസെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

29. എസ്.സി/എസ്.ടി. പദ്ധതികൾക്കായി അനുവദിക്കുന്ന തുക വകമാറ്റി ചെലവഴിക്കുവാൻ പാടില്ലായെന്ന് സർക്കാർ ഉത്തരവുണ്ടായിട്ടും അതിനു വിരുദ്ധമായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

30. വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയിൽ ടാറിനുള്ള തുക ഉൾപ്പെടുത്തിയിരുന്നിട്ടും അതുപയോഗിക്കാതെ സർക്കാർ ഉത്തരവിനു വിരുദ്ധമായി പട്ടിക ജാതി/പട്ടിക വർഗ്ഗ പദ്ധതികൾക്കായി അനുവദിച്ച തുക ടാറിനായി വകമാറ്റി ചെലവഴിച്ചത് ഗുരുതരമായ ക്രമക്കേടാണെന്നും അതിനു ഉത്തരവാദിയായ കായംകുളം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ഇന്ദ്രബാലൻ പിള്ളക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. വിവിധ പദ്ധതികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് നിയന്ത്രിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

31. ഡി.പി.സി.യുടെ അനുമതി പോലുമില്ലാതെ 10 ലക്ഷം രൂപ ധൃതിപിടിച്ച് വകമാറ്റി 1998 ഫെബ്രുവരിയിൽ ചെലവഴിച്ചിട്ടും, 1998 ഡിസംബർ വരെ 8,17,390 രൂപയുടെ ടാറേ ലഭിച്ചിട്ടുള്ളൂ. ഇതു സംബന്ധമായ വിശദാംശങ്ങൾ അടിയന്തിരമായി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

32. വിജിലൻസ് അന്വേഷണ നടപടികൾ അനന്തമായി നീളുന്നതിനാൽ ഓഡിറ്റ് പരാമർശങ്ങളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനു സാധിക്കാതെ വരുന്നതായും പലപ്പോഴും വിജിലൻസ് അന്വേഷണം ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വ്യക്തികൾക്ക് രക്ഷപ്പെടുവാനുള്ള പഴുതായി മാറുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തുന്ന അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി കേസുകളിൽ അതിവേഗം തീർപ്പ് കൽപിക്കുന്നതിനും ബന്ധപ്പെട്ട ഫലയലുകൾ തിരികെ നൽകുന്നതിനും വിജിലൻസ് വകുപ്പിന് (ആഭ്യന്തര വകുപ്പ്) നിർദ്ദേശം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക—അമ്പലപ്പാട്ട് റോഡ് ടാറിംഗ്—അപാകതകൾ

"ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗീകരിച്ച ഈ പദ്ധതിക്കായി 2 തവണകളിലായി 1,00,000 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. അളവു പുസ്തകം പരിശോധിച്ചതിൽ ഗ്രാവൽ, മെറ്റൽ എന്നിവ വാങ്ങിയതല്ലാതെ ഈ പ്രവൃത്തി ചെയ്തതായി മറ്റൊരു രേഖയും ഇല്ലാത്തതിനാൽ പ്രസ്തുത പണി ചെയ്തിട്ടില്ല. എന്നുവേണം അനുമാനിക്കേണ്ടത്. എന്നാൽ ചെലവ് രജിസ്റ്റർ പ്രകാരം 1,01,770 രൂപ ചെലവായതായി പറയുന്നുണ്ടെങ്കിലും രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. അതിനാൽ മുൻകൂർ നൽകിയ 1,00,000 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല".

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VIII. 2.3]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് 9-9-2004-ലെ സി4/15135/04 നമ്പർ കത്തുപ്രകാരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ മറുപടി)

33. "ഭരണാനുമതി ലഭിച്ച തുകയിൽ പ്രതീക്ഷിച്ച സ്രോതസ്സിൽ നിന്നും തുക ലഭിക്കാതെ വന്നതിനാലാണ് എസ്റ്റിമേറ്റിൽ തുക കുറഞ്ഞിട്ടുള്ളത്. പ്ലാൻ ഫണ്ട് രണ്ടിലും ഒരുപോലെയാണ്.

34. മുനിസിപ്പൽ രസീത് ഉപയോഗിച്ച് തുക പിരിക്കുകയോ നഗരസഭാ ഫണ്ടിൽ ഒടുക്ക് വരുത്തുകയോ ചെയ്തിട്ടില്ല. അന്വേഷണത്തിൽ, തുക പിരിക്കുന്ന തിനെക്കുറിച്ച് കമ്മിറ്റി തീരുമാനിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ എന്നാണ് അറിയാൻ കഴിഞ്ഞത്. 5,260 രൂപ പിരിച്ചിട്ടുള്ളതായി രേഖയില്ലാത്തിടത്തോളം ചെലവ് കണക്കാക്കുവാൻ കഴിയുന്നതല്ല.

35. എഗ്രിമെന്റിലെ വ്യവസ്ഥകൾ പാലിച്ചുതന്നെയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്.

36. പാർട്ട് ബിൽ പ്രകാരം 69,745 രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ട്. ആദ്യം കൊടുത്ത അഡ്വാൻസ് 50,000 രൂപ കഴിച്ചാൽ 19,745 രൂപ മാത്രമേ കൺവീനർക്ക് കൊടുക്കേണ്ടതുള്ളൂ. എന്നാൽ 50,000 രൂപ വീണ്ടും അഡ്വാൻസായി നല്കുകയാണ് ചെയ്തിട്ടുള്ളത്. ആ വർഷം കൗൺസിലിന്റെ പ്രത്യേക പരിഗണന പ്രകാരം പ്രവൃത്തി അടിയന്തിരമായി ചെയ്തുതീർക്കേണ്ടിവന്നതിനാലാണ് ഇങ്ങനെ ചെയ്യേണ്ടിവന്നിട്ടുള്ളത്.

37. ഫൈനൽ ബില്ല് എം. ബുക്ക് നമ്പർ 23/9-ൽ 74 മുതൽ 77 വരെ പേജുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത് പ്രകാരം 32,410 രൂപയിൽ നിന്നും കുറെ കൂടി പ്രവൃത്തി നടത്തിയിട്ടുണ്ട്. ഇനിയും 9,709 രൂപ മാത്രമേ കൺവീനറുടെ കൈവശം നില്പുള്ളൂ.

38. കൺവീനർ മതിയായ വൗച്ചറും മറ്റും ഹാജരാക്കാതിരുന്നതിനാലും റിക്കാർഡ് ചെയ്യേണ്ട ജീവനക്കാരൻ സ്ഥലം മാറി പോയതിനാലുമാണ് ബിൽ തയ്യാറാക്കുവാൻ വൈകിയത്. ഇനി ലഭിക്കുവാനുള്ള 9,709 രൂപ കൺവീനറിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മേലിൽ ഇത്തരം പിശകുകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണ്. ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് താല്പര്യപ്പെടുന്നു".

39. പദ്ധതി പൂർത്തിയാക്കി അളവ് പുസ്തകം കൊണ്ടുവന്നിട്ടുണ്ടെന്നും അതനുസരിച്ച് കൺവീനറിൽ നിന്ന് ലഭിക്കുവാനുള്ള 9,000 രൂപയ്ക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും തുകയടച്ചില്ലെങ്കിൽ കളക്ടർ മുഖേന ആർ. ആർ. നടപടി വഴി തുക ഈടാക്കുവാൻ നടപടി സ്വീകരിക്കുമെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

40. എന്നാൽ 1997-98-ലെ എല്ലാ പണികളും 30-6-1998-ലെ സ്ഥിതിയിൽ വച്ച് അവസാനിപ്പിച്ചുവെന്നും പിന്നീട് പണികൾ മുഴുവൻ ടെണ്ടർ മുഖേന അടുത്ത വർഷം പൂർത്തീകരിക്കുകയാണുണ്ടായതെന്നും ആദ്യ വർഷത്തെ അളവുപ്രകാരം 69,745 രൂപയുടെ പണി മാത്രമെ നടത്തിയിട്ടുള്ളുവെന്നും ലോക്കൽഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

41. സെക്രട്ടറി സമിതിയിൽ നല്കിയ തെളിവുപ്രകാരം കൺവീനറിൽ നിന്നും 32,417 രൂപയാണ് ഈടാക്കേണ്ടതെന്ന് അഭിപ്രായപ്പെട്ട സമിതി, പദ്ധതി സംബന്ധിച്ച എം. ബുക്കും മറ്റനുബന്ധ രേഖകളും ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിരുന്നു.

42. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 18-10-2004-ലെ എൽ.എഫ്.19676/ സ്പെ. സെൽ (ജി1)/04 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ 69,744.77 രൂപ മാത്രം പദ്ധതിക്ക് ചെലവായിരിക്കെ 93,180.70 രൂപ ചെലവായി എന്ന് വ്യാജമായി എം. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നുവെന്നും ഓഡിറ്റിൽ രേഖപ്പെടുത്തിയ ക്രമക്കേട് ഒഴിവാക്കുന്നതിന് വേണ്ടിയാണിതെന്നും ടി പ്രവൃത്തിക്കായി ഇറക്കിയ സാധനങ്ങൾ പ്രസ്തുത പ്രവൃത്തിയുടെ രണ്ടാംഭാഗം 1998-99-ൽ നടത്തിയപ്പോഴും വിനിയോഗിച്ചതായി കാണുന്നില്ലെന്നും ആയതിനാൽ ടി പ്രവൃത്തിക്ക് നല്കിയ 1,00,000 രൂപ പാഴ് ചെലവാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

43. നിയമസഭാ സമിതിയുടെ നിർദ്ദേശത്തെ തുടർന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് നടത്തിയ പുനഃപരിശോധനയിൽ വ്യാജരേഖകൾ തയ്യാറാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ ശ്രമിച്ചതായി സമിതിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തി നഗരസഭയ്ക്ക് നഷ്ടം വരുത്തുകയും കൃത്രിമ രേഖകൾ ചമയ്ക്കുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ അടിയന്തിരമായി വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും വ്യാജരേഖ നിർമ്മിച്ചതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ ക്രിമിനൽ നടപടിചട്ടം അനുസരിച്ച് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

44. പ്രസ്തുത പ്രവൃത്തിക്ക് യഥാർത്ഥത്തിൽ ചെലവായ തുക കിഴിച്ച് ബാക്കി തുക അടിയന്തിരമായി പലിശ സഹിതം കൺവീനറിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നീടാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

45. സമിതി മുമ്പാകെ തെറ്റായ വിവരങ്ങളടങ്ങിയ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ച ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിക്കെതിരേയും അച്ചടക്ക നടപടി സ്വീകരിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക—തയ്യിൽ മുസ്ലീം പള്ളി റോഡ് ടാറിംഗ്

"ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗീകരിച്ച ഒരു പദ്ധതിയാണിത്. അളവുപുസ്തക പ്രകാരം 66,525 രൂപയ്ക്ക് മെറ്റൽ വാങ്ങിയിട്ടുള്ളതല്ലാതെ മറ്റ് യാതൊന്നും തന്നെ ചെയ്തിട്ടുള്ളതായി കാണുന്നില്ല. രണ്ടു തവണകളായി 1,00,000 രൂപ അഡ്വാൻസ് വാങ്ങിയിട്ടുണ്ട്. മെറ്റൽ വാങ്ങിയതല്ലാതെ മറ്റൊരു ജോലിയും ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ മെറ്റലിന്റെ വില കിഴിച്ച് ബാക്കി തുകയായ 33,475 രൂപ ബന്ധപ്പെട്ട ആളിൽ നിന്നും ഈടാക്കേണ്ടതും പണി നടക്കാതിരിക്കാനുണ്ടായ സാഹചര്യത്തെപ്പറ്റി വ്യക്തമായി അന്വേഷിക്കേണ്ടതും വിശദീകരണം നൽകേണ്ടതുമാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VIII. 2.4]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് 9-9-2004-ലെ സി4/15135/04 നമ്പർ കത്തുപ്രകാരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ മറുപടി)

46. "പ്രതീക്ഷിച്ച സ്രോതസ്സുകളിൽ നിന്ന് തുക കണ്ടെത്താൻ കഴിയാത്ത തിനാലാണ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച തുകയും സാങ്കേതികാനുമതി ലഭിച്ച തുകയും വ്യത്യസ്തമായത്. ഭരണാനുമതിയേക്കാൾ കുറഞ്ഞ തുകയ്ക്കാണ് സാങ്കേതികാനുമതി നൽകിയിട്ടുള്ളത്.

47. ഗ്രാവൽ, മെറ്റൽ എന്നിവയുടെ അളവ് കൃത്യമായി പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

48. 1997-98 വർഷ പദ്ധതി അവസാനം 30-6-1998-ൽ ഏത് സ്ഥിതിയിലാണോ അവിടെ വച്ച് നിർത്തുവാൻ കൗൺസിൽ തീരുമാനിച്ചിരുന്നു.

49. ഗുണഭോക്തൃ കമ്മിറ്റി ചെയർമാന്റെയും കൺവീനറുടെയും ജോയിന്റ് അക്കൗണ്ട് സംബന്ധിച്ച രേഖകൾ ഹാജരാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മിനിറ്റ്സിൽ തുക പിരിച്ചെടുക്കാൻ തീരുമാനിച്ചുവെങ്കിലും തുക പിരിച്ചെടുക്കാൻ നഗരസഭാ രസീത് ഉപയോഗിച്ചിട്ടില്ല. ഇതിൽ നിന്നും തുക രേഖാമൂലം സംഭരിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്നു.

50. ഈ പ്രവൃത്തിയെ സംബന്ധിച്ച് മുനിസിപ്പൽ എഞ്ചിനീയർ സ്ഥലത്ത് പോയി പരിശോധിച്ചു. യാതൊരുവിധ ക്രമക്കേടുകളും നടന്നിട്ടില്ല. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടില്ലായെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ആയതിനാൽ ചെലവായ തുകയുടെ ഓഡിറ്റ് തടസ്സം നീക്കിത്തരണമെന്ന് താല്പര്യപ്പെടുന്നു.

51. ഈ പ്രവൃത്തിക്ക് കേന്ദ്രാവിഷ്കൃത വിഹിതം പ്രതീക്ഷിച്ചാണ് ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരം വാങ്ങിയത്. തുക ലഭിക്കാത്തതിനാലാണ് എസ്റ്റിമേറ്റ് മാറ്റേണ്ടി വന്നത്. അതുകൊണ്ടാണ് സാങ്കേതികാനുമതി നല്കിയ തുകയും ആസൂത്രണ സമിതി അംഗീകരിച്ച തുകയും വ്യത്യസ്തമായത്.

52. ഈ ഓഫീസിൽ നിന്നും സ്ഥലം മാറി പോയ ഓവർസിയർ അന്നത്തെ തിരക്കുമൂലം റിക്കാർഡ് ചെയ്യാൻ കഴിയാതെ പോയതാണെന്ന് കൗൺസിലിനെ ബോദ്ധ്യപ്പെടുത്തുകയും യാഥാർത്ഥ്യം കൗൺസിലിന് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. പിന്നീട് ടിയാൻ അളവുകൾ രേഖപ്പെടുത്തി ഫൈനൽ ബിൽ തയ്യാറാക്കി മുനിസിപ്പൽ എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടുള്ളതുമാണ്. ഫൈനൽ ബിൽ പ്രകാരം 91,977 രൂപ മൂല്യം വന്നിട്ടുണ്ട്. അഡ്വാൻസ് നല്കിയ 1,00,000 രൂപയിൽ നിന്ന് ടി തുക കുറച്ച് ബാക്കി 8,023 രൂപ കൺവീനറിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

53. 9-3-1999-ൽ പാസ് ബുക്കിൽ 20,000 രൂപ നിക്ഷേപിച്ചതും തിരിച്ചെടുത്തതും എങ്ങനെയാണ് എന്ന് അന്വേഷിക്കുന്നതാണ്.

54. ഫൈനൽ ബിൽ പ്രകാരം 91,977 രൂപ മൂല്യം കണക്കാക്കി 1,00,000 രൂപ അഡ്വാൻസിൽ നിന്നും ഈടാക്കി ബാക്കി 8,023 രൂപ കൺവീനറിൽ നിന്നും ഈടാക്കുന്നതാണ്. ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്ന് താല്പര്യപ്പെടുന്നു".

55. ഈ പദ്ധതിയിലും കൺവീനർക്ക് മുൻകൂറായി ഒരു ലക്ഷം രൂപ കൊടുത്തിരുന്നുവെന്നും ഓഡിറ്റ് സമയത്ത് എം. ബുക്ക് പൂർത്തിയാക്കിയിരുന്നില്ലെന്നും നഗരസഭാധികൃതരുടെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോദ്ധ്യമായി. ടി പ്രവൃത്തിയുടെ അളവ് പൂർത്തിയാക്കി എം. ബുക്കിൽ ചേർത്തിട്ടുണ്ടെന്നും കൺവീനറിൽ നിന്നും 8,023 രൂപ ഈടാക്കുന്നതിനായി ആർ. ആർ. നടപടിക്ക് തീരുമാനിച്ചിട്ടുണ്ടെന്നും കായംകുളം നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

56. പദ്ധതി സംബന്ധിച്ച് അളവു പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കുവാൻ നഗരസഭാ സെക്രട്ടറിയോടും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിനും സമിതി നിർദ്ദേശം നല്കിയിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

57. ആർ. ആർ. നടപടി ത്വരിതപ്പെടുത്തി കൺവീനറിൽ നിന്നും തുക ഒരു മാസത്തിനുള്ളിൽ ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക—ബസ് ടെർമിനൽ നിർമ്മാണം തുക വകമാറ്റി ചെലവഴിച്ചു

"കായംകുളം റെയിൽവേ സ്റ്റേഷന് സമീപം ബസ് ടെർമിനൽ സ്ഥാപിക്കുക എന്നതാണ് പദ്ധതി. ഡി. പി. സി. അംഗീകരിച്ച പ്രസ്തുത പദ്ധതിക്കായി റെയിൽവേ സ്റ്റേഷന് സമീപം എല്ലാ ചെലവുകളുമടക്കം 13,84,350 രൂപയ്ക്ക് 115 സെന്റ് സ്ഥലം വാങ്ങുകയുണ്ടായി. ഗുണഭോക്തൃ വിഹിതം പിരിക്കാതെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും മാത്രം ചെലവാക്കിയ പ്രസ്തുത തുകയിൽ അംഗീകാരമില്ലാതെ ചെലവാക്കിയ 8,84,350 രൂപ ആഡിറ്റ് അംഗീകരിക്കുന്നില്ല."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VIII. 2.5]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് 9-9-2004-ലെ സി4/15135/04 നമ്പർ കത്തുപ്രകാരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ മറുപടി)

58. "ജില്ലാ ആസൂത്രണ സമിതിക്ക് ആദ്യം നൽകിയ പദ്ധതി രേഖയിൽ തനത് ഫണ്ട് 10,00,000 രൂപ എന്ന് കാണിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രോജക്ട് പുനഃക്രമീകരിച്ച് പദ്ധതി വിഹിതത്തിൽ നിന്നു തന്നെ വാങ്ങാൻ തീരുമാനിക്കുകയും ആസൂത്രണ സമിതിയുടെ അംഗീകാരം പിന്നീട് വാങ്ങുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല ഈ ചെലവുകൾ 1998-99-ലെ പദ്ധതി തയ്യാറാക്കിയപ്പോൾ കോമ്പൻസേറ്റ് ചെയ്തിട്ടുള്ളതുമാണ്. 46.23 ആർ. സ്ഥലം നഗരസഭയുടെ ആസ്തിയായിട്ടുള്ളതാണ്. ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്ന് താല്പര്യപ്പെടുന്നു".

59. പദ്ധതിക്ക് ഡി. പി. സി.യുടെ അംഗീകാരമുണ്ടായിരുന്നോയെന്നും തീരുമാനം എന്തായിരുന്നെന്നും സമിതി ആരാഞ്ഞതിന്, പദ്ധതിക്കായി 5 ലക്ഷം രൂപയാണ് പദ്ധതി വിഹിതമായി അനുവദിച്ചതെന്നും ഗുണഭോക്തൃ വിഹിതവും തനതു ഫണ്ടും ചേർന്നതാണ് പദ്ധതി തുകയെന്നും പദ്ധതിപ്പണം ഉപയോഗിച്ചാണ് സ്ഥലം വാങ്ങിയതെന്നും കായംകുളം നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

60. ഡി. പി. സി. അംഗീകാരത്തിന്റെ പകർപ്പ്, അളവ് തുടങ്ങിയ എല്ലാ രേഖകളും ഫയലും ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയ്ക്ക് ലഭ്യമാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

### മാവേലിക്കര നഗരസഭ

ഓഡിറ്റ് ഖണ്ഡിക—ബസ് സ്റ്റാന്റ് കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിൽ ക്രമക്കേടുകൾ—ലക്ഷങ്ങളുടെ നഷ്ടം

"മാവേലിക്കര നഗരസഭയിൽ 1993-ൽ കരാർ നൽകിയ ബസ് സ്റ്റാന്റ് കം-ഷോപ്പിംഗ് നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒട്ടേറെ ക്രമക്കേടുകളും സാമ്പത്തിക നഷ്ടവും സംഭവിച്ചിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി. നാൽപ്പത്തിയെട്ട് ലക്ഷം രൂപയുടെ അടങ്കലുള്ള പ്രസ്തുത പദ്ധതിയുടെ പണി 1995-ലാണ് ആരംഭിച്ചത്. ശ്രദ്ധേയമായ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു :

(i) ലെവലിംഗ് ജോലികൾക്ക് പരമാവധി 50,000 രൂപയാണ് ഉയർന്ന നിരക്കെങ്കിലും എക്സ്ട്രാ ഇനമായി 4545.28 ക്യു. മീറ്റർ മണ്ണിന് അനധികൃതമായി 190% അധിക നിരക്ക് അനുവദിച്ചതുമൂലം 2,05,742 രൂപയുടെ നഷ്ടം സംഭവിച്ചു.

(ii) എക്സ്ട്രാ ഇനമായി 105.55 ക്യു. മീറ്റർ ഗ്രേഡഡ് മെറ്റൽ സപ്ലൈ ചെയ്തതിന് അധിക നിരക്ക് നൽകിയതുമൂലം 21,362 രൂപയുടെ നഷ്ടം സംഭവിച്ചു.

(iii) സൈറ്റ് പുനരുദ്ധാരണത്തിന് കരാറുകാരൻ മണ്ണ് കൊണ്ട് വന്ന് നിരത്തുന്ന ജോലിയിൽ അനാവശ്യമായി "സ്റ്റാക്കിംഗ് ചാർജ്" നൽകിയതിനാൽ 39,148 രൂപ നഷ്ടമായി.

(iv) ബസ് സ്റ്റാന്റ് കെട്ടിടം മോടി പിടിപ്പിക്കുന്നതിൽ ഗുരുതരമായ പോരായ്മകൾ സംഭവിച്ചിട്ടുണ്ട്. ഇതു സംബന്ധമായി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നുണ്ട്. നഷ്ടം തിട്ടപ്പെടുത്തേണ്ടിയിരിക്കുന്നു.

(v) നഗരസഭാ തീരുമാനത്തിനും കരാറിനും വിരുദ്ധമായി 2-3-1996-ൽ കരാറുകാരന് 2932 ബാഗ് സിമന്റ് അധികം വാങ്ങി നൽകിയതിലൂടെ 1,39,944 രൂപയുടെ നഷ്ടം സംഭവിച്ചു.

നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട ഇടപാടുകളെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തി നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടിയിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക—മുനിസിപ്പൽ ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് സെന്റർ നിർമ്മാണം—അപാകതകൾ

"നഗരസഭയുടെ ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് സെന്റർ നിർമ്മാണം 48 ലക്ഷം രൂപ അടങ്കലിൽ ചെയ്യുവാൻ ഉദ്ദേശിച്ച പദ്ധതിയാണ്. 16-10-1993-ലെ സർക്കാർ ഉത്തരവ് പ്രകാരം 89.9% അധികരിച്ച നിരക്കിൽ കരാറുകാരനെ ഏൽപ്പിച്ച പണി ഇതുവരെ 72 ലക്ഷത്തിലധികം രൂപ മുടക്കിയിട്ടും പണി പൂർത്തിയായിട്ടില്ല. 10-12-1993-ൽ പണിക്കുവേണ്ടി സ്ഥലം ഏറ്റുവാങ്ങിയ കരാറുകാരന് നഗരസഭ അധികൃതരുടെ അനാസ്ഥമൂലം 21-11-1994-നു ശേഷമേ പണി തുടങ്ങുവാൻ സാധിച്ചുള്ളൂ. ഇതുമൂലം കരാറുകാരന്റെ അഭ്യർത്ഥന പ്രകാരം 'എ' ബ്ലോക്ക് കെട്ടിടം പണിയുന്നതിന് 280 ടൺ സിമന്റ് നഗരസഭ നൽകേണ്ടിവന്നിട്ടുണ്ട്. ഈ ഇനത്തിൽ നഗരസഭയ്ക്ക് 1,39,944 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. കരാറുകാരന്റെ ലാഭം മാത്രം മുന്നിൽ കണ്ടുകൊണ്ട് തെറ്റായ വിവരങ്ങൾ സർക്കാരിന് നൽകിയതുകാരണം സൈറ്റ് ഡെവലപ്മെന്റ്, ലെവലിംഗ് എന്നിവ ഉൾപ്പെടെ 10,80,743 രൂപയ്ക്കുള്ള ജോലിക്കായി 190% വർദ്ധന അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം ടി തുക 10,15,395 രൂപ മാത്രമാണ്. ഇത്തരത്തിൽ സർക്കാരിന് തെറ്റായി വിവരം നൽകി 190% അധികരിച്ച് നിരക്കു നൽകുവാനും സിമന്റ് ഡിപ്പാർട്ട്മെന്റിലായി നൽകുവാനും സർക്കാർ ഉത്തരവിറക്കുന്നതിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ലെവലിംഗ് ജോലികൾക്ക് പ്രത്യേകം അനുവാദം ആവശ്യമാണ് ഇത് കരാറിൽ ഉൾപ്പെടാത്ത ജോലിയായിരുന്നു. അതിനാൽ ഈ ഇനത്തിൽ നൽകിയ 1,84,777 രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V.6; 2001-02-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VIII. 2.1 (i)]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് നഗരകാര്യ ഡയറക്ടറുടെ 9-9-2004-ലെ സി4/15135/04 നമ്പർ കത്തുമുഖേന ലഭ്യമാക്കിയ മറുപടി)

61. "നഗരസഭയുടെ ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം 48 ലക്ഷം രൂപയുടെ അടങ്കലിൽ ബസ് പാർക്കിംഗിനും, യാത്രക്കാർക്ക് ഉപയോഗിക്കുന്നതിനുമുള്ള ഒറ്റ നില കെട്ടിടവും (ഭാഗം എ) താഴെ നിലയിൽ ക്യാന്റീനും സ്റ്റാഫ്

റൂമും ഓഫീസും, മുകളിൽ ഓഫീസ് മുറിയും (ഭാഗം ബി) ഉൾപ്പെടുത്തിയ പദ്ധതിയാണ്. ടി ബസ് സ്റ്റാന്റ് നിർമ്മാണത്തിന് 16-10-1993-ലെ സ.ഉ.(സാ)6824/93/ ത.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 89.9% അധികരിച്ച നിരക്കിൽ ടെണ്ടർ അംഗീകരിച്ച് ശ്രീ. എം. സി. ജോസൻ എന്ന കരാറുകാരന് പണി ഏൽപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ പണി തുടങ്ങുകയും എന്നാൽ നിർദ്ദിഷ്ട ഡിസൈനിലെ താഴ്ച കൂടുതലും, മണ്ണിന്റെ ഉറപ്പു കുറവും ജലനിരപ്പിന്റെ വ്യത്യാസവും കാരണം അംഗീകരിച്ച ഡിസൈൻ പ്രകാരം പണി ചെയ്യാൻ കഴിഞ്ഞിട്ടില്ല. പുതുതായി മണ്ണു പരിശോധന നടത്തി ഡിസൈനിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് കൗൺസിൽ തീരുമാനത്തിന്റെയും സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ടി പ്രവൃത്തികൾ ചെയ്തിട്ടുള്ളതാകുന്നു.

62. ഉയർന്ന റേറ്റ് നൽകിയതിന് സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്. കരാർ സംബന്ധിച്ചുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ട്.

63. മെറ്റൽ സപ്ലൈ ചെയ്തിട്ടുള്ളത് 1990-ലെ ഷെഡ്യൂൾ നിരക്കും കൺവെയൻസും പ്രകാരമാണ്. കൺവെയൻസിൽ മാറ്റം വരുത്തിയാണ് ബില്ല് കൊടുത്തിട്ടുള്ളത്. റേറ്റിൽ മാറ്റം വരുത്തിക്കൊടുക്കുവാൻ അധികാരമില്ല. മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. റ്റി. മാത്യുവിന്റെ ഇതുസംബന്ധിച്ചുള്ള വിശദീകരണം ശരിയല്ല. ആഡിറ്റ് തടസ്സം അംഗീകരിക്കാവുന്നതാണ്.

64. ഫില്ല് ചെയ്യുന്നതിന് 4525.28 ക്യു. മീ. മണ്ണ് ഉപയോഗിച്ചിട്ടുള്ളതാണ്. ആയതിന് റേറ്റിൽ സ്റ്റോക്കിന് ചാർജ്ജ് കൊടുത്തിട്ടില്ല. ആഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് ശരിയല്ല. ഇതു സംബന്ധിച്ച് മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. റ്റി. മാത്യുവിന്റെ വിശദീകരണം അംഗീകരിക്കാവുന്നതാണ്.

65. ടൈൽസ്, മെറ്റൽ എന്നിവ ഗുണമേന്മ ഇല്ലാത്തതുകൊണ്ട് ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധന നടത്തി 13,784 രൂപ കരാറുകാരിൽ നിന്നും ഈടാക്കുന്നതിന് ഉത്തരവാക്കിയിട്ടുള്ളതാണ്. ഈ ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള കേസ് സംബന്ധിച്ച് വിശദീകരണം ലഭിച്ചിട്ടില്ല. നിലവിൽ കോടതിയുടെ പരിഗണനയിലാണ്.

66. സിമന്റ് നഗരസഭ നേരിട്ടു നൽകിയതുകൊണ്ട് നഷ്ടം സംഭവിച്ചിട്ടില്ല. സിമന്റിന്റെ ഷെഡ്യൂൾ നിരക്കും ടെണ്ടർ എക്സസും കൂടി കരാറുകാരന് നൽകിയാൽ നഗരസഭയ്ക്ക് നഷ്ടം സംഭവിക്കുമായിരുന്നു. സർക്കാർ ഉത്തരവ് പ്രകാരമാണ് സിമന്റ് നഗരസഭ ഇഷ്യൂ ചെയ്തിട്ടുള്ളത്.

67. മാവേലിക്കര നഗരസഭയുടെ പ്രൈവറ്റ് ബസ് സ്റ്റാന്റ് നിർമ്മാണത്തിന് 2 ബ്ലോക്കുകളായി 48 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. എ ബ്ലോക്ക്—9 ബസ്സുകൾ പാർക്ക് ചെയ്യുന്നതിനും കിഴക്കും പടിഞ്ഞാറുമായി 8 മിനി ഷോപ്പുകളും. ബി ബ്ലോക്കിൽ 2 നിലയായി ഒരു റ്റി ആകൃതിയിൽ ഷോപ്പിംഗ് കോംപ്ലക്സുമാണ് ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരത്തോടുകൂടി ഡിസൈൻ തയ്യാറാക്കിയിരിക്കുന്നത്. 48 ലക്ഷം രൂപയുടെ അടങ്കൽ ഉള്ള ഈ വേല 89.9% അധിക നിരക്കിൽ ശ്രീ. എം. സി. ജോസൻ എന്ന കരാറുകാരൻ ടെണ്ടർ നൽകുകയും പണി തുടങ്ങുകയും ചെയ്തു. മഴമൂലം അച്ചൻ കോവിലാറ്റിലെ ജലനിരപ്പുയർന്നതുകൊണ്ടും ഡിസൈനിൽ പറഞ്ഞിട്ടുള്ള

4.00 മീറ്റർ താഴ്ചയിൽ ഫൗണ്ടേഷൻ പണിയാൻ കഴിയാതെ വന്നതുകൊണ്ട് വീണ്ടും മണ്ണു പരിശോധന നടത്തി പി. ഡബ്ലിയു. ഡി. കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറെ കൊണ്ട് ഫൗണ്ടേഷൻ പുതിയ ഡിസൈൻ ഉണ്ടാക്കി വീണ്ടും പണി തുടങ്ങാൻ 4 മാസം കാലതാമസം നേരിട്ടിട്ടുണ്ട്.

68. എന്നാൽ പി. ഡബ്ലിയു. ഡി. ഷെഡ്യൂൾ നിരക്ക് പുതുക്കിക്കൊണ്ട് തുടർന്ന് ഈ പണി ചെയ്യുന്നതിന് കരാറുകാരൻ വിസമ്മതിക്കുകയും കൗൺസിലിന് കത്ത് കൊടുക്കുകയും ചെയ്തു.

69. കൗൺസിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്ത് 'ബി' ബ്ലോക്ക് ഒഴിവാക്കി 'എ' ബ്ലോക്ക് ബസ്സ് കയറ്റിയിടുന്ന ഭാഗം കെട്ടിയടച്ച് കടമുറികളാക്കാൻ തീരുമാനിച്ച് ചുറ്റുമുള്ള യാർഡ് ഡവലപ്മെന്റ് കൂടി നടത്തുകയാണുണ്ടായത്. ആഡിറ്റ് റിപ്പോർട്ടിൽ 'ബി' ബ്ലോക്കിന്റെ എസ്റ്റിമേറ്റ് തുക മാത്രം 48 ലക്ഷം രൂപയെന്ന് പറഞ്ഞിട്ടുള്ളത് ശരിയല്ല. ആകെ 48 ലക്ഷം രൂപയാണ്. നഗരസഭയിൽ സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് ടെണ്ടർ അധിക നിരക്കുകൂടി കെ. യു. ഡി. എഫ്. സി.യിൽ നിന്നും വായ്പയായി എടുത്തിട്ടുണ്ട്.

70. സർക്കാർ ഉത്തരവ് പ്രകാരം ജനകീയാസൂത്രണത്തിന്റെ പശ്ചാത്തല മേഖലയിലെ ചെലവാകുന്ന തുക കെ. യു. ഡി. എഫ്. സി.യിൽ ഒടുക്കിയിട്ടുണ്ട്. ഈ ആഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ച തടസ്സങ്ങൾ മുനിസിപ്പൽ കൗൺസിലിന്റെ കാലാകാലമായിട്ടുള്ള തീരുമാനപ്രകാരം നടപ്പിലാക്കിയിട്ടുള്ളതാണ്.

71. 1994-ൽ ടെൻഡർ ചെയ്താണ് പണി തുടങ്ങിയതെന്നും തറനിരപ്പിൽ നിന്നും 4 മീറ്റർ താഴ്ത്തിയാണ് അസ്ഥിവാരം ചെയ്തതെന്നും പക്ഷേ ആറ്റിലെ വെള്ളം പണിസ്ഥലത്തേക്ക് കയറിയതുകാരണം മണ്ണു പരിശോധനയ്ക്കായി ടി. കെ. എം. എഞ്ചീനിയറിംഗ് കോളജിനെ ഏല്പിക്കുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് 89% വർദ്ധിപ്പിച്ച് പുതുക്കിയെങ്കിലും പ്രസ്തുത നിരക്കിലും പണിപൂർത്തീകരിക്കുവാൻ സാധിക്കില്ല എന്നറിയിച്ചുകൊണ്ട് കരാറുകാരൻ കത്തു തന്നതിന്റെ അടിസ്ഥാനത്തിൽ ബസ്സ്സ്റ്റാൻഡിന്റെ 'എ', 'ബി' എന്നീ രണ്ടു ബ്ലോക്കുകളും പൂർത്തിയാക്കുന്നതിനുള്ള തുക ലഭ്യമല്ലാത്തതിനാൽ 'ബി' ബ്ലോക്കൊഴിവാക്കി പകരം 'എ' ബ്ലോക്ക് പൂർത്തിയാക്കാൻ തീരുമാനിക്കുകയും 190% അധികരിച്ച തുക നല്കുവാൻ വേണ്ടി സർക്കാരിന്റെ അനുമതിയും തേടിയിരുന്നു. സർക്കാർ അനുമതി ലഭിച്ചതനുസരിച്ച് ടെൻഡർ കമ്മിറ്റി ചേർന്ന് അധികനിരക്ക് അംഗീകരിച്ച് ഉത്തരവുനല്കിയെന്നും മാവേലിക്കര നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

72. മണ്ണു പരിശോധന ആദ്യമേ നടത്താത്തതെന്തുകൊണ്ടായിരുന്നെന്നും അന്നത്തെ എഞ്ചിനീയർ ആരായിരുന്നെന്നും ടിയാൻ ഇപ്പോൾ സർവ്വീസിലുണ്ടോയെന്നും ഇതു സംബന്ധിച്ച ഫയലുകൾ ഉണ്ടോയെന്നും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിൽ എന്താണ് പറയുന്നതെന്നും കരാറുകാരൻ കത്തിൽ പണിചെയ്യാൻ ബുദ്ധിമുട്ടാണെന്നാണോ അതോ നിരക്ക് കൂട്ടിത്തരണമെന്നാണോ ആവശ്യപ്പെട്ടിരുന്നതെന്നും സമിതി ആരാഞ്ഞതിന് വകുപ്പു തലത്തിൽ ആദ്യം മണ്ണുപരിശോധന നടത്തിയിരുന്നെന്നും അന്നു കണ്ടുപിടിക്കാൻ പറ്റാത്ത സ്ഥിതിവിശേഷം പിന്നീട് പണി

തുടങ്ങിയപ്പോൾ കണ്ടുവെന്നും അതുകൊണ്ടാണ് വീണ്ടും മണ്ണു പരിശോധന നടത്തേണ്ടിവന്നതെന്നും കരാറുകാരൻ നല്കിയ കേസ്സുമായി ബന്ധപ്പെട്ട് ഫയലുകൾ ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്നെന്നും രണ്ടാമത് മണ്ണു പരിശോധനാ റിപ്പോർട്ട് 17-3-1994-ലാണ് ലഭിച്ചതെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

73. രണ്ടാമത് മണ്ണ് പരിശോധന നടത്തേണ്ടി വരുകയും എസ്റ്റിമേറ്റ് തുക ഉയർത്തുകയും ചെയ്യേണ്ടിവന്നപ്പോൾ കരാറുകാരുമായുള്ള ടെൻഡർ അവസാനിപ്പിച്ചിട്ട് പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ചെയ്യാമായിരുന്നെന്ന് സമിതി ചൂണ്ടികാട്ടി.

74. നിരപ്പാക്കൽ ജോലികൾക്ക് പരമാവധി 50,000 രൂപയാണ് ഉയർന്ന നിരക്കെന്നിരിക്കെ സർക്കാർ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് 190% അധിക നിരക്കനുവദിച്ച ഉദ്യോഗസ്ഥനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് സമിതി ആരായുകയുണ്ടായി. ടിയാനോട് വിശദീകരണം ആവശ്യപ്പെട്ടുവെന്നും അതിന് നല്കിയ മറുപടിയിൽ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്കെഴുതി അനുമതി ലഭിച്ചതിനാലാണ് പ്രവൃത്തി ചെയ്തിരിക്കുന്നതെന്നാണ് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

75. ചീഫ് ടെക്നിക്കൽ ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനിൽ നിന്നും തിരിച്ചു പിടിക്കേണ്ട തുക തിരിച്ചു പിടിച്ചോയെന്ന് സമിതി ആരാഞ്ഞതിന് നടപടി സ്വികരിച്ചിട്ടുണ്ട് എന്നാണ് നഗരസഭാ സെക്രട്ടറി മറുപടി നല്കിയത്. തറനിരപ്പാക്കലും അനുബന്ധ റോഡുകളുടെ നിർമ്മാണവും പദ്ധതിയുടെ ഭാഗമായി വരേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. സ്റ്റേഡിയം ഗ്രൗണ്ടായിരുന്ന സ്ഥലമാണ് ബസ്സ്റ്റാൻഡായി മാറ്റിയതെന്നും റോഡില്ലായിരുന്നതിനാൽ റോഡ് ഏറ്റെടുത്തതാണെന്നും അതുകൊണ്ടുതന്നെ അനുബന്ധ റോഡും തറ നിരപ്പാക്കലും അത്യാവശ്യമായിരുന്നെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

76. അന്നത്തെ എഞ്ചിനീയർ ശ്രീ. മാത്യു സസ്പെൻഷനിലായത് ഏതു പദ്ധതിയുമായി ബന്ധപ്പെട്ടാണെന്നും ഹൈക്കോടതിയിലെ കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നും സമിതി ആരാഞ്ഞതിന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് സസ്പെൻഡ് ചെയ്തതെന്നും അതിനെതിരെ ടിയാൻ സർക്കാരിൽ അപ്പീൽ നൽകിയെന്നും അത് നിരസിക്കപ്പെട്ടതിനെ തുടർന്നാണ് ഹൈക്കോടതിയിൽ കേസ്സ് കൊടുത്തെന്നും 7.5 മി.മീറ്റർ കനമുള്ള ടൈൽസ് വിപണിയിൽ ലഭ്യമല്ലായെന്നും ഏറ്റവും അടുത്ത സൈസ് 7 മി.മീറ്ററിലുള്ളതാണെന്നും ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ശ്രീ. മാത്യുവല്ലെന്നും അതിനാൽ ടിയാനെ കുറ്റപ്പെടുത്താനാവില്ലാ എന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

77. സ്റ്റേഡിയം ഗ്രൗണ്ടായിരുന്ന സ്ഥലമാണ് ബസ്സ്റ്റാൻഡ് നിർമ്മാണത്തിനേറ്റെടുത്തത്. ആറിനോടടുത്ത പ്രദേശമായതിനാൽ വെള്ളക്കെട്ടുണ്ടാകാനുള്ള സാദ്ധ്യത കൂടുതലായിരിക്കുമെന്ന് അറിയാമായിരുന്നിട്ടും അതിനുള്ള മുൻകരുതലുകൾ സ്വീകരിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുറപ്പിച്ച് പണി തുടങ്ങിയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അലംഭാവവും ഉത്തരവാദിത്വമില്ലായ്മയുമാണ് വെളിവാക്കുന്നതെന്ന് സമിതി അഭിപ്രായപ്പെടുന്നു.

78. 48 ലക്ഷം രൂപയ്ക്ക് 'എ' 'ബി' എന്നീ രണ്ടു ബ്ലോക്കുകളിലായി ഉദ്ദേശിച്ചിരുന്ന പദ്ധതി പണിതുടങ്ങിയശേഷം നഗരസഭയുടെ സാമ്പത്തികസ്ഥിതി മോശമാണെന്ന നിഗമനത്തിൽ 'ബി' ബ്ലോക്ക് ഒഴിവാക്കുവാനും 'എ' ബ്ലോക്കിന്റെ പ്രവൃത്തി 120% വർദ്ധിച്ച നിരക്കിൽ നൽകുകയുമാണുണ്ടായത്. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വീണ്ടും ടെൻഡർ ചെയ്തിരുന്നെങ്കിൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടാകുമായിരുന്നില്ല. പ്ലാനിൽ മാറ്റം വരുത്തിയതുമൂലം പൊതു ജനത്തിന് ബുദ്ധിമുട്ടുകൾ വർദ്ധിക്കുകയാണുണ്ടായത്. ആയതിനാൽ നഗരസഭയ്ക്ക് കൂടുതൽ സാമ്പത്തിക ബാദ്ധ്യത വരുത്തിവച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

79. വ്യക്തമായ ധരണയില്ലാതെയും ആസൂത്രണമില്ലാതെയും പദ്ധതികൾ നടപ്പാക്കുകയും അതിന്റെ പേരിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് നഗരസഭയ്ക്ക് കടഭാരം വർദ്ധിക്കുകയും ഭാവി വികസന പ്രവർത്തനങ്ങളെ പോലും അവതാളത്തിലാക്കുന്ന തരത്തിലുള്ള അലംഭാവ സമീപനത്തിന്റെ ഉദാഹരണമാണിതെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ പദ്ധതികൾ തുടങ്ങിയ ശേഷം നിരക്കു വർദ്ധനവിനായി നഗരസഭകൾ സർക്കാരിനെ സമീപിക്കുമ്പോൾ പ്രസ്തുത പദ്ധതിസംബന്ധിച്ച് നിരക്കുവർദ്ധനവാണോ പുനർ ദർഘാസാണോ കൂടുതൽ ലാഭകരമെന്ന് വിശദമായി പരിശോധിച്ചതിനു ശേഷം ലാഭകരമായതു സ്വീകരിക്കുവാനും അനുമതി നല്കുവാനും പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്. സർക്കാർ ഉത്തരവിനെ തെറ്റായി വ്യാഖ്യാനിച്ച് കരാറുകാരന് ലാഭമുണ്ടാക്കികൊടുക്കുന്നതിന് അനുകൂലമായ നിലപാടു സ്വീകരിച്ച ബന്ധപ്പെട്ട നഗരസഭാ കൗൺസിൽ അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും നഷ്ടമായ തുക ഈടാക്കേണ്ടതാണെന്നും ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക—പരിഷ്കരിച്ച അറവുശാലയുടെ നിർമ്മാണം—അപാകതകൾ

"മാവേലിക്കര നഗരസഭയുടെ കീഴിൽവരുന്ന നിലവിലുണ്ടായിരുന്ന ഒരു അറവുശാല പരിഷ്ക്കരിച്ച് നിർമ്മിക്കുന്നതിനായി 5.91 ലക്ഷം രൂപയ്ക്ക് എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് തുക 6,45,712 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതായി പറയുന്നുണ്ടെങ്കിലും ഫയലിൽ കാണുന്നില്ല. ഈ ജോലിക്കായി 2 ടെൻഡറുകൾ ലഭിച്ചിരുന്നുവെങ്കിലും കുറഞ്ഞ ടെൻഡറായ 62% അധികത്തിൽ നൽകിയ സ്റ്റീൽ ഇൻഡസ്ട്രീസ് കേരളയ്ക്ക് പണി നൽകാതെ 67% അധികരിച്ച് ടെൻഡർ നൽകിയ ശ്രീ. എം. ആർ. ചന്ദ്രാംഗദനുമായി നേരിൽ സംസാരിച്ച് 61% നിരക്കിൽ പണി ഉറപ്പിക്കുകയും ബേസ്മെന്റിന്റെ പണി തീർന്നപ്പോൾ കെ. യു. ഡി. എഫ്. സി.യിൽ നിന്നും വായ്പ ലഭിക്കാത്തതിന്റെ പേരിൽ പണി നിർത്തിവയ്ക്കാൻ കരാറുകാരനോട് ആവശ്യപ്പെടുകയും വീണ്ടും പണി തുടർന്നപ്പോൾ 120% അധിക നിരക്കിൽ പണി ചെയ്യുവാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കരാറുകാരന് ലാഭമുണ്ടാക്കുവാൻ വേണ്ടി അധികാരികൾ കൂട്ടു നിന്നിട്ടുണ്ടെന്ന കാര്യം സ്പഷ്ടമാണ്. നിർമ്മാണം മേൽക്കൂര നിരപ്പുവരെ എത്തിയ നിലയിൽ അപൂർണ്ണമായി 6,91,445.07 രൂപ ചെലവിൽ അവസാനിച്ചു. നിർമ്മാണദശയിൽ തന്നെ ധാരാളം പരാതി ലഭിച്ചുവെങ്കിലും അതിനൊന്നും നടപടികൾ സ്വീകരിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് കൃത്യമായി പാലിച്ച് നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ബേസ്മെന്റ് തീർന്നപ്പോൾ തന്നെ ഭേദഗതി വരുത്തി പരിഷ്കരിക്കാമായിരുന്നു. 31-3-1998 വരെ കരാറുകാരന് നൽകിയ 3,42,835 രൂപ ആഡിറ്റ് അനുവദിക്കുന്നില്ല."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VIII. 2.1(ii)]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് 9-9-2004-ലെ സി4/15135/04 നമ്പർ കത്തുപ്രകാരം നഗരകാര്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി)

80. "നഗരസഭകളിൽ നിലവിലുള്ള അറവുശാലകൾ നവീകരിക്കണമെന്ന് 2-7-1988-ൽ ഡി.42110/87-ാം നമ്പരായി മുനിസിപ്പൽ ഭരണ വിഭാഗം ഡയറക്ടർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഈ നഗരസഭയിൽ വളരെക്കാലമായി പ്രവർത്തിച്ചു കൊണ്ടിരുന്ന പഴയ അറവുശാല ഷെഡ് പൊളിച്ചുമാറ്റി പുതിയത് പണിയുന്നതിൽ ഫോംസ് ഇൻഡ്യാ എന്ന സ്ഥാപനത്തിന് ഡിസൈൻ തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരുന്നു.

81. ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരത്തോടുകൂടി ഡിസൈൻ തയ്യാറാക്കി 6,46,000 രൂപ അടങ്കൽ വരുന്ന എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എന്നാൽ എസ്റ്റിമേറ്റ് സ്ക്രൂട്ടിനി ചെയ്ത് സാങ്കേതികാനുമതി ലഭിച്ചത് 5.91 ലക്ഷം രൂപയ്ക്കുമാത്രമാണ്. സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം പ്രിപ്പറേഷൻ ചാർജ്ജ് 13,770 രൂപയാണ്. 15,045 രൂപ നൽകുക വഴി 1,275.00 രൂപ അധികമാണ് മുനിസിപ്പൽ എൻജിനീയറുടെ റിപ്പോർട്ടോടുകൂടി നൽകിയിട്ടുള്ളത്. ടെൻഡർ നൽകിയിട്ടുള്ളത് 5.91 ലക്ഷം രൂപയ്ക്കാണ്. സ്റ്റീൽ ഇൻഡസ്ട്രീസ് ഓഫ് കേരളാ കണ്ടീഷണൽ ടെൻഡറാണ് സമർപ്പിച്ചിരുന്നത്. കണ്ടീഷണൽ ടെൻഡർ സ്വീകരിക്കാൻ പാടില്ലെന്ന് സർക്കാർ ഉത്തരവുള്ളതുകൊണ്ടാണ്. ശ്രീ. ആർ. ചന്ദ്രാംഗദനുമായി നെഗോഷ്യേറ്റ് ചെയ്ത് 61.9% അധിക നിരക്കിൽ സർക്കാർ അംഗീകാരത്തോടുകൂടി കരാർ ഉറപ്പിച്ചത്.

82. കെ. യു. ഡി. എഫ്. സി.യുടെ മുൻകൂട്ടി അനുവാദം വാങ്ങാതെ ടെൻഡർ ഉറപ്പിച്ച് പണി നടത്തിയതുകൊണ്ടാണ് വായ്പ അനുവദിക്കാതിരുന്നത്. വായ്പ ലഭിക്കാതിരുന്നതുകൊണ്ട് പണി നിറുത്തിവച്ച് തുടർന്ന് കരാറുകാരൻ അധിക നിരക്ക് ആവശ്യപ്പെട്ടുവെങ്കിലും അനുവദിച്ചില്ല. 120% അധിക നിരക്ക് നൽകുന്നതിന് കൗൺസിൽ ശുപാർശ ചെയ്തിട്ട് തുടർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

83. കെട്ടിട നിർമ്മാണ സാമഗ്രികൾ ഇറക്കി ശേഖരിച്ചതുകൊണ്ട് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അറവുശാലയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് തടസ്സപ്പെട്ടു. പൊതുജനങ്ങളുടെ ഭാഗത്തുനിന്നും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അറവുശാല പ്രവർത്തിപ്പിക്കുന്നത് താല്ക്കാലികമായി നിറുത്തിവച്ചു.

84. കെട്ടിടം പണി തുടർന്നു നടത്തി മുൻവശവും പുറകുവശവും വാർത്ത് മദ്ധ്യഭാഗം എ. സി. ഷീറ്റിട്ടിട്ടുണ്ട്. പ്ലാസ്റ്ററിംഗും പെയിന്റിംഗും ഒഴിച്ചുള്ള പണികൾ തീർത്ത് കരാറുകാരന് ഫൈനൽ ബിൽ നൽകിയിട്ടുണ്ട്.

85. സ്ലോട്ടർ ഹൗസ് നിർമ്മാണവും പ്രവർത്തനവും സംബന്ധിച്ച് സർക്കാരിന്റെ മാർഗ്ഗരേഖയിൽ തൃശൂർ വെറ്ററിനറി കോളേജിന്റെ ഉപദേശം തേടണമെന്ന് അറിയിച്ചിരുന്നു. അതുപ്രകാരം അസോ. പ്രൊഫസർ ശ്രീ. പി. കുട്ടിനാരായണൻ പരിശോധിച്ച് ടി കെട്ടിടം മോഡേൺ അല്ലെന്നും അൺ ഹൈജീനിക്കാണെന്നും കുറ്റപ്പെടുത്തിയിട്ടുണ്ട്.

86. അറവുശാലയുടെ പണി തുടർന്നു നടത്തി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചില്ല. നിർമ്മാണ ഘട്ടത്തിൽ മാലിന്യം നീക്കം ചെയ്യുന്നതിന് ഒഴിച്ചുള്ള കാര്യങ്ങളിൽ തടസ്സം ഒന്നും നേരിട്ടില്ല. സ്വകാര്യ വ്യക്തിക്ക് കരാർ നൽകിയത് സർക്കാർ ഉത്തരവിന് വിധേയമായിട്ടാണ് എന്ന വിവരം അറിവിലേക്കായി സമർപ്പിക്കുന്നു.

87. ടി ആഡിറ്റ് റിപ്പോർട്ടിലെ 24 മുതൽ 30 വരെയുള്ള ഖണ്ഡികകളിൽ മേൽ പരാമർശിച്ചിട്ടുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിലേക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഈ ആഫീസിൽ നിന്നും നോട്ടീസ് നൽകിയിട്ടുള്ളതും അതിൻമേൽ ലഭിച്ച മറുപടികളുടെ അടിസ്ഥാനത്തിൽ വിവരം ആലപ്പുഴ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതുമാകുന്നു".

88. സ്റ്റീൽ ഇൻഡസ്ട്രീസ് നിരക്ക് കുറച്ചിട്ടുപോലും ചന്ദ്രാംഗദന് കൊടുത്തതെന്തു കൊണ്ടാണെന്നും ടെൻഡറിൻമേൽ ചർച്ച നടത്തുമ്പോൾ കുറഞ്ഞ ടെൻഡറുകാരെ ഒഴിവാക്കി കൂടിയ ടെൻഡർ നല്കിയവരുമായി ചർച്ച നടത്തിയിരുന്നോയെന്നും ഇപ്പോൾ ഈ പദ്ധതിയുടെ അവസ്ഥയെന്തെന്നും തെളിവെടുപ്പുവേളയിൽ സമിതി ആരാഞ്ഞതിന് സിൽക്കിന്റേത് സോപാധിക ടെൻഡറായിരുന്നെന്നും അവരുമായി നടത്തിയ ചർച്ചയിൽ ഉപാധികൾ ഒഴിവാക്കാൻ കഴിയില്ല എന്നറിയിച്ചതുകൊണ്ടാണ് ചന്ദ്രാംഗദനുമായി ചർച്ച നടത്തിയതെന്നും പൊതുജനങ്ങളുടെ പരാതിയെ തുടർന്ന് അറവുശാല ഉപയോഗിക്കുന്നില്ലായെന്നും പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് എന്നിവ ഒഴിച്ചുള്ള പണികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രവർത്തിയുടെ പേമെന്റ് നടത്തിയെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

89. ടെൻഡർ ഉറപ്പാക്കുന്നതിന് മുമ്പ് ലോൺ കിട്ടുന്നതിനെ സംബന്ധിച്ച് കെ. യു. ഡി. എഫ്. സി.യുമായിട്ട് ചർച്ച നടത്തിയിരുന്നതായും നേരത്തേ നടന്ന ചർച്ചയിൽ കെ. യു. ഡി. എഫ്. സി. ലോണിന് അംഗീകാരം നല്കുകയും പ്ലാനും എസ്റ്റിമേറ്റും നല്കാൻ ആവശ്യപ്പെട്ടിരുന്നതായും സമിതി മനസിലാക്കുന്നു. ടെൻഡർ ഉറപ്പിച്ച് കരാറുകാരൻ പണി ഏറ്റെടുത്തെന്നും നഗരസഭ നല്കിയ പ്ലാൻ ആധുനിക അറവുശാലയുടേതല്ലെന്ന കാരണത്താലാണ് ലോൺ നല്കാതിരുന്നതെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

90. സിൽക്കിന്റെ നിബന്ധനയിൽ കമ്പി ഇഷ്ടിക ഇവയ്ക്ക് കമ്പോള നിരക്കനുസരിച്ച് വില നല്കണമെന്ന് നിബന്ധനയുണ്ടായിരുന്നെന്ന് നഗരസഭാ സെക്രട്ടറിയും കാലാകാലങ്ങളിൽ കമ്പോള നിരക്കനുസരിച്ചുണ്ടാകുന്ന വിലയിലെ മാറ്റം നൽകാമെന്നുള്ള നിബന്ധന കരാറിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ലെന്ന് നഗരകാര്യ ജോയിന്റ് ഡയറക്ടറും എന്നാൽ നിബന്ധനകൾ ഇല്ലാതെ ഈ പ്രവൃത്തി ഏറ്റെടുക്കാൻ ആർക്കും സാധിക്കില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറും സമിതിയെ അറിയിച്ചു.

91. നിർമ്മാണ സാമഗ്രികൾക്ക് വില കൂടുന്നതനുസരിച്ച് വില കൂട്ടി നൽകണമെന്നതൊഴിച്ച് ബാക്കികാര്യങ്ങളെല്ലാം സാധാരണ കോൺട്രാക്ടിൽ വ്യവസ്ഥയുള്ളതാണെന്നും അതുകൊണ്ടുതന്നെ സിൽക്കുമായി കൂടിയാലോചിച്ച് അവർക്ക് കൊടുക്കാമായിരുന്നെന്നും ചന്ദ്രാംഗദൻ സിൽക്കിനേക്കാൾ കൂടിയ നിരക്കായിരുന്നു ക്വാട്ട് ചെയ്തിരുന്നതെന്നും പിന്നീട് നിർമ്മാണ സാമഗ്രികൾക്ക് വില കൂട്ടി വാങ്ങുകയും ആ തുക തിരിച്ചു വാങ്ങിക്കുവാൻ നഗരസഭാ അധികൃതർ ശ്രമിക്കാതിരിക്കുകയും

ചെയ്തതു വഴി ഒരു വ്യക്തിയെ വഴിവിട്ടു സഹായിക്കുകയായിരുന്നു എന്നും സമിതി ചൂണ്ടിക്കാട്ടി. നിരക്ക് 120% ആയി വർദ്ധിപ്പിച്ചു കൊടുക്കാൻ നഗരസഭയ്ക്ക് അധികാരമുണ്ടോയെന്നും സമിതി ആരാഞ്ഞതിന് പൂർത്തിയാക്കിയ പണികൾക്കു മാത്രമേ തുക കൊടുത്തിട്ടുള്ളൂവെന്നും എസ്റ്റിമേറ്റ് നിരക്ക് വർദ്ധിപ്പിക്കുവാൻ നഗരസഭയ്ക്ക് അധികാരമില്ലെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

92. മാവേലിക്കര നഗരസഭ ഏറ്റെടുക്കുന്ന പ്രവർത്തികളെല്ലാം ദീർഘവീക്ഷണമോ ആസൂത്രണമോ ഇല്ലാതെയാണ് രൂപകല്പന ചെയ്തതെന്നും ഇതുമൂലം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടവും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതുമായിത്തീരുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു.

93. പൊതുമേഖലാ സ്ഥാപനം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടും ഉപാധികളോടെയുള്ള ടെൻഡറാണെന്ന കാരണം അത് നിരസിക്കുകയും കൂടിയ നിരക്കിൽ ടെൻഡർ കൊടുത്ത സ്വകാര്യ വ്യക്തിക്ക് കരാർ നല്കിയശേഷം ടിയാന് അധിക നിരക്ക് വീണ്ടും വർദ്ധിപ്പിച്ച് നല്കുകയുംവഴി നഗരസഭാ അധികാരികൾ ഒരു വ്യക്തിക്ക് ലാഭമുണ്ടാക്കുന്നതിനുവേണ്ടി അധികാര ദുർവിനിയോഗം നടത്തിയെന്ന് സമിതി വിലയിരുത്തുന്നു.

94. മാവേലിക്കര നഗരസഭയിൽ കാലാകാലങ്ങളായി നടന്നുവരുന്ന വികസന പ്രവർത്തനങ്ങളിൽ ധനദുർവ്വിനിയോഗവും ആസൂത്രണമില്ലായ്മയും നഗരസഭാ ജീവനക്കാരുടെ ഉത്തരവാദിത്വമില്ലായ്മയും പ്രകടമാണെന്നും ആയതിനാൽ നഗരസഭ ഏറ്റെടുത്തിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങളിലെ അപാകതകളെ സംബന്ധിച്ചും അതിൽ വിവിധ ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തെ സംബന്ധിച്ചും വകുപ്പുതലത്തിൽ വിശദമായ അന്വേഷണം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

95. നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിൻമേൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാനോ തുടർ നടപടി സ്വീകരിക്കുവാനോ നഗരസഭയിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാകാത്തത് ഗുരുതരമായ കൃത്യവിലോപമാണെന്നും ആയതിൽ വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ചും അന്വേഷിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

96. വെറ്ററിനറി കോളേജിലെ വിദഗ്ദ്ധരുടെയും മലിനീകരണ നിയന്ത്രണ വിഭാഗത്തിന്റെ ശുപാർശയുടെയും അടിസ്ഥാനത്തിൽ ശുചിത്വ പരിപാലനത്തിനാവശ്യമായ പരിഷ്കാരങ്ങൾ വരുത്തി അറവുശാലയുടെ പണി പൂർത്തിയാക്കി ഉപയോഗപ്രദമാക്കണമെന്നും നഗരസഭയ്ക്ക് നഷ്ടമായ തുക കരാറുകാരനിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നും ഇതു സംബന്ധമായി കോടതിയിൽ വ്യവഹാരം നിലനില്ക്കുന്നുണ്ടെങ്കിൽ ആയത് അടിയന്തിരമായി തീർപ്പു കല്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ചേർത്തല നഗരസഭ**

ഓഡിറ്റ് ഖണ്ഡിക—ഉപാധിരഹിത ഫണ്ട് കാർ വാങ്ങുവാനായി വിനിയോഗിച്ചു

"27-6-1997-ലെ കൗൺസിൽ തീരുമാനപ്രകാരം ഒരു ഡീസൽ അമ്പാസിഡർ കാർ വാങ്ങുന്നതിന് നിയമാനുസൃതമല്ലാതെ ഉപാധിരഹിത ഫണ്ടിൽ നിന്നും 3,19,648 രൂപ പിൻവലിച്ച് അടയ്ക്കുകയുണ്ടായി. ഉപാധിരഹിത ഫണ്ട് തൊഴിലധിഷ്ഠിത പദ്ധതികൾക്കായി മാത്രമേ ഉപയോഗിക്കാവൂ. മടക്കി അടയ്ക്കാമെന്ന വ്യവസ്ഥയിൽ പിൻവലിച്ച ടി തുക ഇതുവരെയും തിരിച്ചടച്ചിട്ടില്ല. ടി തുക ആഡിറ്റിൽ അംഗീകരിക്കുന്നില്ല. പിഴയുൾപ്പെടെ തുക ഉത്തരവാദികളിൽ നിന്നും വസൂൽ ചെയ്ത് നഗരസഭാ ഫണ്ടിൽ വരവ് വരുത്തേണ്ടതാണ്. "

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI. ii.3.(i)]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് 9-9-2004 സി4/15135/04 നമ്പർ കത്തുപ്രകാരം നഗരകാര്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി.)

97. "1997-ൽ കേരളത്തിൽ അധികാരവികേന്ദ്രീകരണം നിലവിൽവരികയും ജനപ്രതിനിധികൾക്ക് വർദ്ധിച്ച അധികാരങ്ങൾ ലഭ്യമാകുകയും ചെയ്ത സാഹചര്യത്തിൽ ഭരണനിർവ്വഹണത്തിനായി ഒരു വാഹനം അനിവാര്യമായി വന്നു. എന്നാൽ കാലപ്പഴക്കമുള്ള ഒരു ജീപ്പ് മാത്രമേ നഗരസഭയ്ക്ക് സ്വന്തമായി ഉണ്ടായിരുന്നുള്ളൂ. 16.8 ച.കി.മി. വിസ്തീർണ്ണമുള്ളതും ജില്ലാ ആസ്ഥാനത്തുനിന്നും 30 കി.മി. അകലെ സ്ഥിതിചെയ്യുന്നതുമായ ഈ നഗരസഭയ്ക്ക് മറ്റൊരു വാഹനം അത്യന്താപേക്ഷിതമായിരുന്നു. ഈ സാഹചര്യത്തിലാണ് ഒരു പുതിയ കാർ വാങ്ങുന്നതിന് കൗൺസിൽ ഏകകണ്ഠമായി തീരുമാനിച്ചത്. എന്നാൽ നഗരസഭയുടെ തനത് ഫണ്ടിൽ വേണ്ടത്ര പണം ഇല്ലായിരുന്നതിനാലും വാഹനത്തിനുള്ള പണം മുൻകൂർ നൽകി ബുക്ക് ചെയ്യേണ്ടതിനാലും ഉപാധിരഹിത ഫണ്ടിൽ നിന്നും നഗരസഭാ ഫണ്ടിൽ പണം ലഭിക്കുന്ന മുറയ്ക്ക് തന്നെ തിരിച്ചടയ്ക്കാമെന്ന വ്യവസ്ഥയിലാണ് 3,34,853 രൂപ ചെലവഴിച്ചത്. ടി തുക മുനിസിപ്പൽ ഫണ്ടിൽ നിന്നും തിരികെ ഉപാധിരഹിത ഫണ്ടിലേക്ക് മാറ്റിയിട്ടുള്ളതുമാണ്. 1997-1998 കാലയളവിൽ നഗരസഭാ ഫണ്ടിൽ നിന്നും ചെലവുചെയ്തു. അന്ന് സർക്കാർ അനുമതി ആവശ്യമില്ലായിരുന്നു. ആയതിനാലാണ് മുൻകൂർ അനുമതി വാങ്ങാതിരുന്നത്. ടി ഇനത്തിൽ നഗരസഭയ്ക്ക് യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല."

98. 1997-98 കാലയളവിൽ കാർ വാങ്ങുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമില്ലായിരുന്നോയെന്നും ആ തുകയെന്താണിതുവരെയും തിരിച്ചടയ്ക്കാതിരുന്നതെന്നും സമിതി ആരാഞ്ഞതിന് അന്ന് കാർ വാങ്ങുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമില്ലായിരുന്നെന്നും കൗൺസിൽ തീരുമാനം മതിയായിരുന്നെന്നും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മോശമായപ്പോഴാണ് ഇങ്ങനെയൊരു നിയന്ത്രണം വന്നതെന്നും അതുവരെ അൺടൈഡ് ഫണ്ടിൽ നിന്നും വാങ്ങിയിട്ട് സ്വന്തം ഫണ്ടുപയോഗിച്ച് റീ-കൂപ്പ് ചെയ്യുമെന്നും തദ്ദേശ സ്വയംഭരണ സെക്രട്ടറി അറിയിച്ചു. ഇവിടെ അടുത്തവർഷം തന്നെ അത് റീ-കൂപ്പ് ചെയ്തിട്ടുണ്ടെന്നും അതിനനുസരിച്ചുള്ള മറുപടി കൊടുത്തിട്ടുണ്ടെന്നും ചേർത്തല നഗരസഭാ സെക്രട്ടറിയും സമിതിയെ അറിയിച്ചു.

99. സമിതി നിർദ്ദേശപ്രകാരം ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പ് പുനഃപരിശോധന നടത്തി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 30-10-2004-ലെ എൽ. എഫ്. 20792/ സ്പെ.സെൽ (ജി1)/04 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ തുക വകമാറി ചെലവു ചെയ്യുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമില്ലെന്നും തുക പിന്നീട് ഉപാധിരഹിത ഫണ്ടിലേക്ക് വകമാറിയിട്ടുണ്ടെന്നാണറിയിച്ചിരുന്നതെങ്കിലും ഹാജരാക്കിയ ഫയൽ പരിശോധിച്ചപ്പോൾ തുക തിരികെ ഉപാധിരഹിതഫണ്ടിലേക്ക് വകമാറിയതായി കാണുന്നില്ലെന്നും ഉപാധിരഹിതധനം വകമാറി ചെയ്യുന്നതിന് സർക്കാർ അനുവാദം ആവശ്യമില്ലെന്നുള്ള നഗരസഭയുടെ നിലപാട് എന്തു മാനദണ്ഡത്തെ അടിസ്ഥാന മാക്കിയാണെന്നും വ്യക്തമല്ലെന്നുമാണറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

100. കാർ വാങ്ങുന്നതിന് ചെലവാക്കിയ തുക ഉപാധി രഹിത ഫണ്ടിലേക്ക് നാളിതുവരെയും തിരികെ മാറ്റിയിട്ടില്ലായെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനയിൽ വ്യക്തമായ സാഹചര്യത്തിൽ ഈ തുക നിയമനാനുസരണം ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക—ഇലക്ട്രോണിക് ചോക്ക് വിതരണം അപാകതകൾ

"പദ്ധതി വിഹിതമായി 50 രൂപയും ഗുണഭോക്തൃ വിഹിതമായി 100 രൂപയും ഉൾപ്പെടെ 150 രൂപ നിരക്കിൽ 1000 പേർക്ക് ഇലക്ട്രോണിക് ചോക്കുകൾ വിതരണം ചെയ്യുന്നതിന് 1,50,000 രൂപ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിച്ച പ്രോജക്ടാണിത്. ഫയലുകളുടെ പരിശോധനയിൽ നിന്നും 138 രൂപ നിരക്കിൽ 642 ചോക്കുകൾ വാങ്ങിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം 88 രൂപ ക്രമത്തിൽ 514 പേരിൽ നിന്നും 45,232 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ഇത് വ്യക്തമാക്കുന്നത് 514 പേർക്ക് മാത്രം ചോക്ക് വിതരണം ചെയ്തിട്ടുണ്ടെന്നുള്ളതാണ്. അധികം വാങ്ങിയ 128 ചോക്കുകളുടെ വിലയായ 17,664 രൂപ കൂടാതെ 514 ചോക്കുകൾക്ക് 50 രൂപ വീതം പദ്ധതി വിഹിതം 25,700 രൂപ ചെലവാക്കിയ തുകയുൾപ്പെടെ 43,364 രൂപ ആഡിറ്റ് അനുവദിക്കുന്നില്ല. ടി, തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക : VI.2.3.(ii)]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് 9-9-2004-ലെ സി4/16135/04 നമ്പർ കത്തുപ്രകാരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ മറുപടി.)

101. "1997-98-ൽ ജനകീയാസൂത്രണ പദ്ധതിയിൽ ഊർജ്ജമേഖലയിൽ വ്യക്തിഗത ആനുകൂല്യമായി ഇലക്ട്രോണിക്ക് ചോക്കുകൾ വിതരണം ചെയ്തിരുന്നു. ജനകീയാസൂത്രണ പദ്ധതിയിൽ നിർദ്ദേശിച്ച പ്രകാരമുള്ള വ്യക്തമായ മാനദണ്ഡങ്ങൾ പ്രകാരം വാർഡ് സഭകൾ അംഗീകരിച്ച മുൻഗണന ലിസ്റ്റിൽപ്പെട്ട 744 പേരുടെ പട്ടിക തയ്യാറാക്കിയിരുന്നു. ഇപ്രകാരം മുൻഗണന ലിസ്റ്റിൽ നിന്ന് ഗുണഭോക്തൃവിഹിതം അടയ്ക്കാൻ തയ്യാറായവർക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഇതിൻപ്രകാരം ആകെ 642 ചോക്കുകൾ വാങ്ങുകയും 30-6-1998 നുള്ളിൽ 514 പേർ ഗുണഭോക്തൃ

വിഹിതം അടച്ച് ഇലക്ട്രോണിക് ചോക്ക് കൈപ്പറ്റിയിട്ടുള്ളതാണ്. ബാക്കി ചോക്കുകൾ 30-6-1998-ൽ 1997-98 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് വിനിയോഗം പൂർത്തീകരിച്ചതിനാലും തുടർന്ന് ബാക്കി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകേണ്ടതിനാൽ 1998-99-ൽ സ്പിൽ ഓവർ പദ്ധതിയായി തുടർന്നിട്ടുണ്ട്.

102. ഇലക്ട്രോണിക് ചോക്കുകളും ഇതോടൊപ്പം വിതരണം ചെയ്യുന്ന മറ്റ് സാധനങ്ങളും പ്രമുഖ ദിനപത്രങ്ങളിലൂടെ പരസ്യം ചെയ്ത് ക്വട്ടേഷൻ ക്ഷണിച്ചാണ് വാങ്ങിയിട്ടുള്ളത്. പ്രമുഖ കമ്പനികൾ ക്വട്ടേഷനുകൾ സമർപ്പിച്ചിരുന്നു. മൂൺലൈറ്റ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് ഇതിനായി രൂപീകരിച്ച പർച്ചേസ് കമ്മിറ്റി പരിഗണിച്ചത്. അതിൻപ്രകാരം കക്ഷികളുമായി നിരക്ക് നെഗോഷ്യേറ്റ് ചെയ്തിട്ടുള്ളതും ചേർത്തല ഗവൺമെന്റ് പോളിടെക്നിക്കിലെ സാങ്കേതിക വിഭാഗം സാമ്പിൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുള്ളതുമാണ്. ടി ചോക്കുകൾക്ക് ഒരു വർഷത്തെ റീപ്ലേസ്മെന്റ് ഗ്യാരണ്ടിയുള്ളതും അതനുസരിച്ച് കേടുവന്ന ചോക്കുകൾ കമ്പനി മാറ്റി നൽകിയിട്ടുള്ളതുമാണ്. ഇതിൻപ്രകാരം ചോക്ക് ഒന്നിന് 138 രൂപ പ്രകാരം ആകെ 86,558 രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുള്ളതുമാണ്.

103. നഗരസഭയ്ക്കോ ഗുണഭോക്താക്കൾക്കോ യാതൊരുവിധ സാമ്പത്തിക നഷ്ടവും ഉണ്ടാകാതെ തികച്ചും സുതാര്യമായ രീതിയിൽ നടത്തിയ പരിപാടി പൊതുജനങ്ങളിൽ നിന്നും വളരെയധികം ശ്രദ്ധ പിടിച്ചുപറ്റിയ പദ്ധതിയാണ്.".

104. ഇലക്ട്രോണിക് ചോക്കു വിതരണത്തിലെ അപാകതകൾ എന്തെല്ലാമാണെന്നും ചോക്കു വാങ്ങിയതിൽ ബാക്കിയുണ്ടോയെന്നും സമിതി ആരാഞ്ഞതിന് പാവപ്പെട്ട കയർ തൊഴിലാളികളെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയും ഗുണഭോക്താക്കളാക്കിയ ഒരു പദ്ധതിയാണിതെന്നും ആദ്യവർഷം വിതരണം ചെയ്ത് ബാക്കി വന്നത് അടുത്ത വർഷം വിതരണം ചെയ്തുവെന്നും ചേർത്തല നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

105. ചേർത്തല നഗരസഭ ഇലക്ട്രോണിക് ചോക്ക് വിതരണം പദ്ധതിയിൽ വിതരണത്തിനായി വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയതിൽ ബാക്കി വന്ന 128 ചോക്കുകൾ തുടർ വർഷങ്ങളിൽ വിതരണം ചെയ്തുവെന്ന് സമിതിക്ക് രേഖാമൂലം മറുപടി ലഭ്യമാക്കിയെങ്കിലും ഗുണഭോക്താക്കളെ നിയമപ്രകാരം തെരഞ്ഞെടുത്തതിന്റെ ലിസ്റ്റോ, ഗുണഭോക്താക്കളുടെ കൈപ്പറ്റു രസീതുകളോ ഹാജരാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിതരണം ചെയ്തുവെന്നറിയിച്ച 128 ചോക്കുകളുടേയും കൈപ്പറ്റു രസീതും ഗുണഭോക്തൃ പട്ടികയും അടിയന്തിരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനു ലഭ്യമാക്കുവാനും അല്ലാത്തപക്ഷം 128 ചോക്കുകളുടേയും വില അന്നത്തെ നഗരസഭാ സെക്രട്ടറിയിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാനും സമിതിക്ക് വാസ്തവ വിരുദ്ധമായ മറുപടി നല്കിയ നഗരസഭാ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാനും സമിതി ശുപാർശ ചെയ്യുന്നു.

**ആലപ്പുഴ നഗരസഭ**

ഓഡിറ്റ് ഖണ്ഡിക—യഥാസമയം തവണകൾ ഒടുക്കാതിരുന്നതിനാൽ ഉണ്ടായ ഭീമമായ നഷ്ടം

"ആലപ്പുഴ നഗരസഭ 1997-98, 1998-99 എന്നീ വർഷങ്ങളിൽ പദ്ധതി വിഹിതത്തിൽ നിന്നും 1,52,78,588 രൂപ KUDFC-യിൽ വായ്പ തിരിച്ചടവിനത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. ഇതിൽ 25 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് മുനിസിപ്പൽ ഫണ്ടിൽ അടച്ചതും, അത് പിന്നീട് 5 ലക്ഷം രൂപയുടെ 5 ഗഡുക്കളായി അടച്ചതുമാണ്. എന്നാൽ ഇതിൽ 95,23,207 രൂപ പിഴപലിശയിനത്തിലാണ് ഒടുക്കു വരുത്തിയിട്ടുള്ളത്. നഗരസഭ കൃത്യമായി തവണകൾ ഒടുക്കാതിരുന്നതുമൂലം ഉണ്ടായ പിഴപലിശ പദ്ധതി വിഹിതത്തിൽനിന്നും ഒടുക്കു വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെയും പദ്ധതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും പിഴപലിശയിനത്തിൽ ഒടുക്കിയ തുകയായ 95,23,207 രൂപ അടുത്ത ഗഡു പദ്ധതി വിഹിതത്തിൽനിന്നും കുറവു ചെയ്യുകയും കൃത്യസമയത്ത് തവണകൾ അടക്കുന്നതിൽ വീഴ്ച വരുത്താനിടയായ ഉദ്യോഗസ്ഥന്മാരുടെ നടപടികളെപ്പറ്റി അന്വേഷിച്ച് യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI ii.4]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് 9-9-2004 സി4/15135/04 നമ്പർ കത്തുപ്രകാരം നഗരകാര്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി)

106. "ആലപ്പുഴ നഗരസഭ ടൗൺ ഹാളിനായി സുബ്ബമ്മ തിയറ്റർ വാങ്ങുന്നതിനു വേണ്ടി 40,45,400 രൂപ 19-6-1989, 19-2-1990 എന്നീ തീയതികളിൽ കെ. യു. ഡി. എഫ്. സി. യിൽ നിന്നും 14% പലിശ സഹിതം 11 വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ലോൺ എടുത്തിട്ടുള്ളതാണ്. തുടർന്ന് 31-3-1990 മുതൽ 30-1-1999 വരെ മുതലും പലിശയും കൃത്യമായി അടച്ചിട്ടുണ്ട്. എന്നാൽ നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമായതിനെ തുടർന്ന് പിന്നീടുള്ള തവണകൾ യഥാസമയം അടയ്ക്കുവാൻ സാധിച്ചില്ല. കെ. യു. ഡി. എഫ്. സി.യിൽ കുടിശ്ശിക ഉള്ള തുക പ്ലാൻ ഫണ്ടിൽ നിന്നും അടയ്ക്കാമെന്നുള്ള ബഹു: സർക്കാരിന്റെ ഉത്തരവ് പ്രകാരം 1997-98, 1998-99 എന്നീ വർഷങ്ങളിൽ 1,52,78,588 രൂപ വിവിധ വൗച്ചറുകൾ പ്രകാരം കെ. യു. ഡി. എഫ്. സി. യിൽ അടച്ചിട്ടുള്ളതാണ്. ടി തുക സുബ്ബമ്മ തിയേറ്റർ വാങ്ങിയ വകയിൽ കെ. യു. ഡി. എഫ്. സി.ക്ക് അടയ്ക്കുവാനുള്ള വായ്പാ തുകയും, ആലപ്പുഴ നഗരസഭയ്ക്ക് കൈമാറിയ എ.ഡി.എ. വായ്പാ തിരിച്ചടവും ഉൾപ്പെടുന്നു.

107. സർക്കാർ നിർദ്ദേശം അനുസരിച്ച് പ്ലാൻ ഫണ്ടിൽ ബാക്കി വരുന്ന തുകയിൽ നിന്ന് ഒരു നിശ്ചിത തുക കെ. യു. ഡി. എഫ്. സി. യ്ക്ക് അടയ്ക്കുകയാണ് ചെയ്തു വരുന്നത്. തുക ക്രഡിറ്റ് ചെയ്തു കഴിഞ്ഞ് വിശദമായ സ്റ്റേറ്റ്മെന്റ് വരുമ്പോൾ മാത്രമാണ് നഗരസഭയിൽ നിന്ന് അടച്ച തുകയിൽ നിന്നും പലിശ കൂടി ഈടാക്കി യതായി അറിയുവാൻ കഴിയുന്നത്. 1997-98 വർഷത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും അടച്ചിട്ടുള്ള 1,52,78,588 രൂപയിൽ 92,30,594 രൂപ പിഴ പലിശായി കെ. യു. ഡി. എഫ്. സി. ഈടാക്കിയതായിട്ടാണ് അവിടെനിന്നും വന്നിട്ടുള്ള സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ളത്. ഈ തുക അനുവദനീയമല്ല എന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നത്.

108. ഈ നഗരസഭയ്ക്ക് ഒരു വർഷത്തെ റവന്യൂ വരുമാനം നാലേകാൽ കോടി രൂപയോളം വരവും അത്ര തന്നെ ചെലവും ഉള്ളതിനാൽ നഗരസഭയുടെ സാമ്പത്തിക സ്ഥിതി വളരെ ദയനീയമാണ്. ചില മാസങ്ങളിൽ ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിന് മറ്റ് ഫണ്ടുകളെക്കൂടി ആശ്രയിക്കേണ്ടിവരുന്നു. ഈ സാഹചര്യങ്ങൾ നിലവിലുള്ളതുകൊണ്ടാണ് യഥാസമയങ്ങളിൽ നഗരസഭയുടെ വായ്പകൾ അടയ്ക്കുവാൻ സാധിക്കാത്തതും വായ്പകൾക്ക് പിഴപലിശ നല്കേണ്ടി വരുന്നതും.

109. 30-6-1998-ൽ പ്ലാൻ ഫണ്ടിന്റെ 1997-98 വർഷത്തെ വിനിയോഗത്തിന്റെ കാലാവധി ആയതിനാൽ സർക്കാരിന്റെ ഉത്തരവ് പ്രകാരം കെ. യു. ഡി. എഫ്. സി. ലോൺ തിരിച്ചടവിനായി 25 ലക്ഷം രൂപയുടെ സെൽഫ് ചെക്ക് എഴുതി മുനിസിപ്പൽ ഫണ്ടിലേക്ക് തുക മാറ്റുകയാണുണ്ടായത്. വൗച്ചർ നമ്പർ 224-6/98 പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച 25 ലക്ഷം രൂപ മുനിസിപ്പൽ ഫണ്ടിലേക്ക് മാറ്റിയതും ഡി.ഡി. എടുത്ത് കെ. യു. ഡി. എഫ്. സി. യിൽ തിരികെ അടയ്ക്കുന്നതിന് കാലതാമസം വന്നതിനുള്ള കാരണം 30-6-1998-ൽ തന്നെ ടി തുക വിനിയോഗിച്ചില്ലെങ്കിൽ നഷ്ടപ്പെടുവാൻ സാദ്ധ്യതയുള്ളതിനാലും, അന്നേ ദിവസം ഡി.ഡി. എടുക്കുവാൻ സാധിക്കാത്തതിനാലും ഡി.ഡി. എടുക്കുന്നതിനുള്ള സൗകര്യവും പരിഗണിച്ചാണ് ടി തുക മുനിസിപ്പൽ ഫണ്ടിലേക്ക് മാറ്റിയത്. ഒറ്റത്തവണ 5 ലക്ഷം രൂപയ്ക്ക്മേൽ തുക ട്രഷറിയിൽ നിന്നും പിൻവലിക്കുവാൻ പറ്റാത്ത സാഹചര്യം നിലനിന്നതിനാലാണ് പലതവണകളായി 5 ലക്ഷം രൂപ വീതം ഡി.ഡി. എടുത്ത് കെ. യു. ഡി. എഫ്. സി.യിൽ അടച്ചിട്ടുള്ളത്. ടി പ്രവർത്തികൾ സദുദ്ദേശത്തോടുകൂടി മാത്രമാണ് ചെയ്തിട്ടുള്ളത്.

110. ആയതിനാൽ മനഃപൂർവ്വമായി ഒരു സാമ്പത്തിക ക്രമക്കേടുകളും ഉണ്ടായിട്ടില്ല എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.”

111. പദ്ധതി വിഹിതത്തിൽ നിന്നും പണമെടുത്ത് പിഴപലിശ ഒടുക്കിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമല്ലേയെന്നും എത്ര രൂപയാണ് കൊടുത്തതെന്നും അന്നത്തെ സെക്രട്ടറി ആരായിരുന്നെന്നും സമിതി ആരാഞ്ഞതിന് 1997-98-ൽ പദ്ധതി വിഹിതത്തിൽ നിന്നുമെടുത്ത് കുടിശ്ശികയടയ്ക്കാമെന്ന് സർക്കാർ ഉത്തരവുണ്ടായി രുന്നെന്നും 1997-98 വർഷത്തിൽ 80 ലക്ഷം രൂപയും 1998-99 വർഷം 72,78,588 രൂപയും കെ. യു. ഡി. എഫ്. സി. യിൽ അടച്ചിട്ടുണ്ടെന്ന് നഗരസഭ സെക്രട്ടറി അറിയിച്ചു. ഇതിൽ 95,23,207 രൂപ പിഴപലിശയാണെന്നും 1991 മുതൽ കൃത്യമായി തവണകൾ അടച്ചിട്ടില്ലെന്നും സമിതി ചൂണ്ടിക്കാട്ടി.

നഗരസഭാ ടൗൺ ഹാളിനായി സുബ്ബമ്മ തിയേറ്റർ വാങ്ങുന്നതിനുവേണ്ടി 19-6-1989, 19-2-1990 എന്നീ തീയതികളിൽ 11 വർഷ കാലാവധിയോടെ 14 ശതമാനം നിരക്കിൽ കെ. യു. ഡി. എഫ്. സി. യിൽ നിന്നും 40,45,400 രൂപയും ജീവനക്കാർക്ക് വീട് വയ്ക്കുന്നതിനുവേണ്ടിയും എ. ഡി. എ. യുടെ സാമ്പത്തിക ബാദ്ധ്യത തീർക്കുന്നതിനു വേണ്ടിയും കടമെടുത്തതും ചേർത്ത് ആകെയെടുത്തിരുന്ന 60 ലക്ഷം രൂപയിൽ വിവിധ സമയങ്ങളിലായി ആകെ 1,52,78,588 രൂപ കെ. യു. ഡി. എഫ്. സി. യിൽ അടച്ചിട്ടുണ്ടെന്നും അതിൽ 92,30,594 രൂപ പിഴപലിശയാണെന്ന് നഗരസഭ സെക്രട്ടറിയും, ഒറ്റത്തവണ 5 ലക്ഷം രൂപയ്ക്കുമേൽ തുക ട്രഷറിയിൽ നിന്നും പിൻവലിക്കാൻ പറ്റാത്ത സാഹചര്യം നിലനിന്നതിനാലാണ് പല തവണകളായി 5 ലക്ഷം രൂപ വീതമെടുത്ത് കെ. യു. ഡി. എഫ്. സി. യിൽ അടച്ചതെന്ന് നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടറും സമിതിയെ അറിയിച്ചു.

112. ടൗൺ ഹാളിൽ നിന്നും നഗരസഭയ്ക്ക് വരുമാനം കിട്ടുന്നുണ്ടോയെന്നും എ. ഡി. എ. യുടെ വായ്പ തുക എത്ര രൂപയാണെന്നും ഇതിൽ എത്ര രൂപ തിരിച്ചടച്ചുവെന്നും സമിതി അന്വേഷിച്ചതിന് ടൗൺ ഹാളിൽ കൂടുതലും സർക്കാർ പരിപാടികളാണ് നടത്തുന്നതെന്നും അതെല്ലാം സൗജന്യവുമാണെന്നും എ. ഡി. എ. യുടെ വായ്പ സംബന്ധിച്ച് ഹഡ്കോയിൽ നിന്നുള്ള കണക്കുകൾ ലഭ്യമല്ലെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

113. വായ്പ സംബന്ധിച്ച രേഖകൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തുകയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 17-9-2004-ലെ എൽ.എഫ്/17594/സ്പെ.സെൽ(ജി1)/04 നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ടിൽ പിഴപ്പലിശ ഒടുക്കാൻ പദ്ധതിപ്പണം ഉപയോഗിക്കാൻ പാടില്ലെന്ന സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പദ്ധതിപ്പണമുപയോഗിച്ച് പിഴപ്പലിശ ഒടുക്കിയിട്ടുണ്ടെന്നും 30-9-1991 വരെ മാത്രമേ കാര്യമായി തുകയടച്ചിട്ടുള്ളെന്നും 31-3-1992 മുതൽ 30-9-1996 വരെയുള്ള തുകയും പലിശയും പിഴപ്പലിശയും ചേർത്ത് 17-1-1997-ലാണ് അടച്ചതെന്നും പിന്നീടും കുടിശ്ശികയായിരുന്നെന്നും ആലപ്പുഴ വികസന അതോറിറ്റി 20-12-1999-ലാണ് നഗരസഭയ്ക്കു കൈമാറിയതെന്നും ഈയിനത്തിൽ തുകയൊന്നും തിരിച്ചടച്ചിട്ടില്ലായെന്നും ആലപ്പുഴ നഗരസഭയുടെ എ2/895/95 ഫയൽ പ്രകാരം ഓരോ അർദ്ധ വർഷത്തിലും കെ. യു. ഡി. എഫ്. സി. യിൽ നിന്നും ഡിമാൻഡ് നോട്ടീസ് ലഭിക്കുന്നുണ്ടെന്നും വായ്പ തുകയും പലിശയും കൃത്യമായി അടയ്ക്കുന്നുണ്ടെന്നുറപ്പു വരുത്തേണ്ടതും ഇതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതും സെക്രട്ടറിയുടെ ചുമതലയാണെന്നിരിക്കെ യഥാസമയം ഗഡുക്കൾ അടയ്ക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയാണെന്നും സൂചിപ്പിക്കുന്നു. തുക യഥാസമയം അടയ്ക്കാതിരുന്നശേഷം പദ്ധതി വിഹിതത്തിൽ നിന്നും അടച്ച തുകയുടെ വിശദമായ സ്റ്റേറ്റ്മെന്റ് ലഭിച്ചപ്പോൾ മാത്രമാണ് പിഴപ്പലിശയും ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരം നഗരസഭ അറിയുന്നതെന്ന സെക്രട്ടറിയുടെ മറുപടി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്തെ വീഴ്ചയാണെന്നും 27-6-1998-ൽ പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച 50 ലക്ഷം രൂപയും 30-6-1998-ൽ പിൻവലിച്ച 5 ലക്ഷം രൂപയും കൃത്യമായി ഒടുക്കിയ നഗരസഭ, 30-6-1998-ൽ വീണ്ടും പിൻവലിച്ച 25 ലക്ഷം രൂപ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയതും 14-10-1998 മുതൽ 23-11-1998 വരെയുള്ള 5 ഗഡുക്കളായി മാത്രം കെ.യു.ഡി.എഫ്.സി. ക്ക് അടച്ചതിനും തൃപ്തികരമായി മറുപടി ലഭ്യമാക്കിയില്ല എന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

114. നഗരസഭയുടെ സാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിക്കേണ്ട സെക്രട്ടറി തന്റെ ഉത്തരവാദിത്വം നിറവേറ്റിയില്ലെന്നുള്ളതിന് തെളിവാണ് പലിശയും പിഴപ്പലിശയും അടയ്ക്കേണ്ട സാഹചര്യമൊരുക്കിയതെന്നും ഈ രീതിയിൽ തികച്ചും നിരുത്തരവാദപരമായി പെരുമാറിയ ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

115. ആലപ്പുഴ നഗരസഭാ സെക്രട്ടറി സമിതിക്ക് നല്കിയ മറുപടിയിലും തെളിവെടുപ്പു വേളയിൽ നല്കിയ മറുപടിയിലും യഥാക്രമം എ. ഡി. എ. യുടെ ബാദ്ധ്യത കൂടി നഗരസഭ ഏറ്റെടുത്തതുമൂലമാണ് കൂടുതൽ തുക കടമെടുക്കേണ്ടി

വന്നതെന്നും എ. ഡി. എ. യുടെ വായ്പ സംബന്ധിച്ച് ഹഡ്കോയിൽ നിന്നുള്ള കണക്കുകൾ ലഭ്യമല്ലായെന്നുമായിരുന്നു അറിയിച്ചിരുന്നത്. എന്നാൽ പുനഃപരിശോധനയിൽ എ.ഡി.എ. യുടെ വായ്പ നഗരസഭ അടച്ചിട്ടില്ലെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. കൂടാതെ 5 ലക്ഷം രൂപയിൽ കൂടുതൽ ഒറ്റത്തവണ ട്രഷറിയിൽ നിന്നും പിൻവലിക്കാൻ സാധിക്കാത്തതിനാലാണ് പല തവണകളായി 5 ലക്ഷം വീതം പിൻവലിച്ച് കെ. യു. ഡി. എഫ്. സി. യിൽ അടച്ചതെന്നും തെളിവെടുപ്പു വേളയിൽ സമിതിയെ അറിയിച്ചിരുന്നു. എന്നാൽ 30-6-1998-ൽ പിൻവലിച്ച 25 ലക്ഷം രൂപ 14-10-1998 മുതൽ 23-11-1998 വരെയുള്ള കാലയളവിൽ 5 ഗഡുക്കളായി അടച്ചതായിട്ടാണ് പുനഃപരിശോധനയിൽ ബോദ്ധ്യപ്പെട്ടത്.

116. ആയതിനാൽ നിയമസഭാ സമിതിയെ ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കുവാൻ വേണ്ടി അവാസ്തവങ്ങളായ മറുപടി നല്കുക വഴി സമിതിയോട് അനാദരവ് കാട്ടിയ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാനും ഭാവിയിൽ ഇത്തരം പ്രവണതകൾ ആവർത്തിക്കാത്ത വിധത്തിൽ മാതൃകാപരമായ നടപടികൾ സ്വീകരിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

117. ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിക്കെതിരെയും ഫയലുകൾ കൈകാര്യം ചെയ്തിരുന്ന മറ്റുദ്യോഗസ്ഥർക്കെതിരെയും വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

## പത്തനംതിട്ട ജില്ല

### തിരുവല്ല നഗരസഭ

ഓഡിറ്റ് ഖണ്ഡിക—അധികാരികളുടെ നിരുത്തരവാദിത്വംമൂലം 9,000 രൂപ നഷ്ടമായി

"നഗരസഭയുടെ വികസന പ്രവർത്തനങ്ങൾമൂലം തന്റെ വസ്തു വകകൾക്കുണ്ടായ നഷ്ടത്തിന് പരിഹാരം ആവശ്യപ്പെട്ട് ഒരു സ്വകാര്യ വ്യക്തി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് 1,000 രൂപ നൽകി തർക്കം അവസാനിപ്പിക്കുവാൻ മുൻസിപ്പൽ അഡ്മിനിസ്ട്രേഷൻ ആവശ്യപ്പെട്ടിരുന്നു. (ഓർഡർ നം.എ3/16870/89).

പക്ഷേ ഈ ഉത്തരവിന്മേൽ ഒരു നടപടിയും അധികാരികൾ എടുക്കുകയുണ്ടായില്ല.

OP: 8140/1990(R) പ്രകാരം പ്രസ്തുത കക്ഷി ഈ കേസ് ബഹു.കേരള ഹൈക്കോടതിയിൽ സമർപ്പിച്ചു. തുടർന്ന് രണ്ട് മാസത്തിനുള്ളിൽ പരാതിക്കാരന് 10,000 രൂപ നൽകാൻ കോടതി വിധിക്കുകയും അതനുസരിച്ച് തുക അദ്ദേഹത്തിന് നൽകുകയും ചെയ്തു.

രേഖകൾ പ്രകാരം പരാതിക്കാരന് 1,000 രൂപ നൽകി കേസ് തീർക്കാൻ മുനിസിപ്പൽ കൗൺസിലും തീരുമാനം എടുത്തിരുന്നതായി കാണാം. അതിനാൽ കൗൺസിലിന്റെയും വകുപ്പിന്റെയും ഉത്തരവുകൾക്ക് അനുസരണമായി സമയോചിതമായി പ്രവർത്തിക്കാതിരുന്ന ഉദ്യോഗസ്ഥൻ മാത്രമാണ് ഈ അധിക ചെലവിന് കാരണക്കാരൻ. നഷ്ടം സംഭവിച്ച തുക നഗരസഭയിലേക്ക് ഈടാക്കേണ്ടതാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V 5 (a)]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് 9-9-2004-ലെ സി4/15135/04 നമ്പർ കത്ത് പ്രകാരം നഗരകാര്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി)

118. "ടി ഓഡിറ്റ് തടസ്സം സംബന്ധിച്ച് ലഭ്യമായ കേസ് ഫയൽ പരിശോധിച്ചതിൽ ഈ കേസുമായി ബന്ധപ്പെട്ട് 16 വർഷങ്ങൾക്ക് മുമ്പ് ശ്രീ. പി. വി. വർക്കിയുടെ മതിൽ കെട്ടുന്നതിന് 1,000 രൂപ നൽകുന്നതിന് അന്നത്തെ കൗൺസിൽ തീരുമാനിച്ചിരുന്നെങ്കിലും ആയത് കൊടുക്കാതിരുന്ന സാഹചര്യത്തിൽ ഈ പ്രശ്നം രമ്യമായി പരിഹരിക്കുന്നതിനു വേണ്ടി കൗൺസിൽ ചുമതലപ്പെടുത്തിയ സബ് കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്തത് പ്രകാരം 9-1-1996-ലെ 41-ാം നമ്പർ കൗൺസിൽ 10,000 രൂപ നൽകുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് 10,000 രൂപ കൊടുത്തിട്ടുള്ളത്. ടി തുക 16 വർഷത്തിനുമുമ്പ് കൊടുക്കാതിരുന്നതിനുള്ള സാഹചര്യം എന്താണെന്ന് മനസ്സിലാക്കുന്നതിനും ആയതിന് കാരണക്കാരായവരിൽ നിന്നും തുക ഈടാക്കുന്നതിനും ഇത് സംബന്ധിച്ച ഫയൽ കണ്ടുകിട്ടാത്ത സാഹചര്യമാണ് ഉള്ളത്. ടി. ഫയൽ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണ്."

119. ആരാണിതിനുത്തരവാദിയെന്ന് സമിതിയാരാഞ്ഞതിന് ഇത് 1970-ൽ ഉണ്ടായ സംഭവമാണെന്നും ഇത് സംബന്ധിച്ച് പർച്ചേസിംഗ് കമ്മിറ്റി ഫയൽ ഉണ്ടാക്കിയെന്നും പക്ഷേ പിന്നീട് ഓഫീസ് മാറിയപ്പോൾ ഫയൽ കാണാനില്ലെന്നും ഈ കേസ് കൊടുത്ത കക്ഷി ശ്രീ. വർക്കി കുറേ പേപ്പറുകൾ കോടതിയിൽ ഹാജരാക്കിയെന്നും സെക്രട്ടറി അറിയിച്ചു. റോഡ് നന്നാക്കാനായി വലിയ ഒരു ഭിത്തി വെട്ടിത്താഴ്ത്തിയപ്പോഴാണ് ഇയാൾക്ക് നഷ്ടം സംഭവിച്ചതെന്നും അത് നഗരസഭതന്നെ കെട്ടിക്കൊടുക്കാമെന്ന് അന്ന് ധാരണയുണ്ടായിരുന്നെങ്കിലും പിന്നീട് 1000 രൂപ കൊടുക്കാനായിട്ട് ഡയറക്ടർ ഉത്തരവു കൊടുത്തിരുന്നെന്നും തിരുവല്ല നഗരസഭ സെക്രട്ടറി വ്യക്തമാക്കി.

120. ശ്രീ. വർക്കിയുടെ സ്ഥലം വെട്ടിത്താഴ്ത്തിയതുകൊണ്ടാണ് മതിൽ പൊളിഞ്ഞു വീണതെന്നും ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ആയിരം രൂപ കൊടുക്കുന്നതിനും കൗൺസിൽ നിർദ്ദേശിച്ചിരുന്നെങ്കിലും യഥാസമയം തുക കൊടുക്കാതിരുന്നതിനാൽ പരാതിക്കാരൻ കോടതിയെ സമീപിച്ചു. അപ്പോൾ കൗൺസിൽ ടി വിഷയം വീണ്ടും പരിശോധിക്കുകയും ചെലവിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് 10,000 രൂപ കൊടുക്കുവാൻ കൗൺസിൽ തീരുമാനിക്കുകയും ഇത് സർക്കാർ അംഗീകരിക്കുകയും ചെയ്തു. സർക്കാരിൽ നിന്നും ഉത്തരവെത്തുന്നതിനുമുമ്പ് ശ്രീ. വർക്കി കോടതിയലക്ഷ്യത്തിനു കേസ്സു കൊടുത്തുവെന്നും അങ്ങനെയാണ് തുക കൊടുത്തതെന്നും 1989-90 കാലയളവിലെ കമ്മീഷണറാണ് തുക കൊടുക്കാതിരുന്നതെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

121. വകുപ്പ് അദ്ധ്യക്ഷന്റെ ഉത്തരവ് യഥാസമയം നടപ്പാക്കാതിരുന്നതുമൂലമാണ് 20 ഇരട്ടിയോളം തുക നഷ്ടപരിഹാരമായി നല്കേണ്ടി വന്നത്. ഇപ്രകാരം നഗരസഭയ്ക്ക് അധിക ബാദ്ധ്യത ഉണ്ടാക്കിയ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം ശ്രീ. വർക്കിക്ക് അനുവദിച്ച തുകയും അതിനോടനുബന്ധിച്ചുള്ള കോടതി ചെലവുകൾ ഉൾപ്പെടെയുള്ള മറ്റ് ചെലവുകളും തിട്ടപ്പെടുത്തി അന്നത്തെ സെക്രട്ടറിയിൽ നിന്നും പ്രസ്തുത തുക ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

ആഡിറ്റ് ഖണ്ഡിക—രാമപുരം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം—അപാകതകൾ

"സബ്ജക്റ്റ് കമ്മിറ്റികളുടെ അംഗീകാരമില്ലാതെയാണ് 6,56,500 രൂപ എസ്റ്റിമേറ്റുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചതെന്ന് കാണുന്നു. എം. എൽ. ഇ. സി. യുടെ അംഗീകാരം 5/89-ൽ ലഭിച്ച പ്രസ്തുത പണിയുടെ പേരിൽ 6/98-ൽ 6,47,383 രൂപ നിർമ്മാണ ചെലവിനായി നൽകിയിട്ടുണ്ട്. ഇതിൽ 1,27,572 രൂപ കെട്ടിട നിർമ്മാണ സാധനങ്ങളുടെ വിലയായും, കോൺട്രാക്റ്റർക്കും ബാക്കി തുക 5,19,811 രൂപ നിർമ്മാണത്തിന്റെ പ്രാരംഭഘട്ടത്തിൽ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് മുൻകൂറായും നൽകിയതാണ്. ഇത്തരത്തിൽ മുൻകൂർ നൽകിയത് ശരിയായ നടപടിയല്ല. ബിൽഡിംഗ് ഇൻസ്പെക്ടർ ചെക്ക് കൈപ്പറ്റിയതിന്റെ രസീത് ഹാജരാക്കിയിട്ടുമില്ല. ഈ തുക കൊണ്ട് തിരുവല്ല സബ് ട്രഷറിയിൽ സെക്രട്ടറിയുടേയും ബിൽഡിംഗ് ഇൻസ്പെക്ടറുടേയും പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് എന്ന് വിശദീകരണം നൽകിയെങ്കിലും, അതിനുള്ള തെളിവൊന്നും ആഡിറ്റിന് ലഭിച്ചിട്ടില്ല. സെക്രട്ടറിയുടെ പ്ലാൻ ഫണ്ടിൽ നിന്നു തന്നെ നിർമ്മാണച്ചെലവിനുള്ള തുക നൽകാമെന്നിരിക്കെ സർക്കാരിന്റെ അനുമതി കൂടാതെ ഒരു പുതിയ അക്കൗണ്ട് ആരംഭിക്കുന്നത് നിയമപരമല്ല. ഈ പ്രവർത്തനങ്ങൾ 30-6-1998-നുമുമ്പ് പ്ലാൻ പി. ഡി. അക്കൗണ്ടിൽ നിന്നു തുക മാറ്റി ചെലവായതായി കാണിക്കാനായിരുന്നുവെന്ന് വ്യക്തമാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നം. V 5(b)]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 9-9-2004-ലെ സി4/15135/04 നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി)

122. "1997-98 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ പ്രോജക്ട് ഒന്നാം നമ്പരിൽ പശ്ചാത്തല മേഖലയിൽ ഉൾപ്പെടുത്തി രാമപുരം മാർക്കറ്റിന്റെ പടിഞ്ഞാറ് ഭാഗത്ത് മുനിസിപ്പൽ ആഫീസിനോട് ചേർന്ന് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പത്ത് ശതമാനം സി. പി. ഉൾപ്പെടെ 6,56,500 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി DLEC അംഗീകരിച്ചിട്ടുള്ളതാണ്. ടി വർക്ക് ഡിപ്പാർട്ടുമെന്റലായി ചെയ്യുന്നതിന് MLRC ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ അംഗീകരിക്കുകയും പത്ത് ശതമാനം സി. പി. കഴിച്ചുള്ള 5,65,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടുള്ളതാണ്. അടങ്കൽ തുക 6,00,000 രൂപയ്ക്ക് താഴെ ആയതിനാൽ സർക്കാർ അനുമതി ആവശ്യമില്ലാത്തതാണ്.

123. ഈ ജോലി ഡിപ്പാർട്ടുമെന്റലായി ചെയ്യുന്നതിന് ഈ നഗരസഭയിലെ ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ. അബ്ദുൾ ഗഫൂറിനെ ചുമതലപ്പെടുത്തുകയും ടിയാന് അഡ്വാൻസ് നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തതനുസരിച്ച് 30-6-1998-ൽ 224479-ാം നമ്പർ ചെക്കു പ്രകാരം 1,79,803 രൂപയും 224783 നമ്പർ ചെക്കു പ്രകാരം 2,00,000 രൂപയുടെയും 224784 ചെക്കു പ്രകാരം 1,40,008 രൂപയും ഉൾപ്പെടെ 5,19,811 രൂപയുടെ ട്രഷറി ചെക്കുകൾ നൽകുകയുണ്ടായി.

124. ശ്രീ. അബ്ദുൾ ഗഫൂർ തിരുവല്ല സബ്ബ് ട്രഷറിയിൽ T.S.B. 1748 നമ്പരായി ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ട് തുറക്കുകയും ഈ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിനായി ചെക്കുകൾ യഥാവസരം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 1,79,803 രൂപയുടെയും 2,00,000 രൂപയുടെയും ചെക്കുകൾ 15-9-1998-ൽ അക്കൗണ്ടിൽ വരവ് വെച്ചിട്ടുണ്ട്. 1,40,008 രൂപയുടെ ചെക്ക് ട്രഷറി നിയന്ത്രണംമൂലം യഥാസമയം അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ലാത്തതാണ്.

125. ഈ ജോലി ചെയ്യുന്നതിന് ആവശ്യമായ സാധന സാമഗ്രികൾക്കും ലേബർ ചാർജ്ജിനും ക്വട്ടേഷൻ ക്ഷണിക്കുകയും 28-5-1998-ൽ മലയാള മനോരമ പത്രം ഉൾപ്പെടെ വിപുലമായ പരസ്യങ്ങൾ നൽകിയിട്ടുള്ളതുമാണ്. ഇതനുസരിച്ച് ലഭിച്ച കുറഞ്ഞ ക്വട്ടേഷനുകൾ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതും അത് പ്രകാരം ജോലികൾ നടത്തിയിട്ടുള്ളതുമാണ്. മെറ്റീരിയൽ സപ്ലൈക്കും ലേബർ ചാർജ്ജിനും ജോലിയുടെ പുരോഗതി അനുസരിച്ച് ക്വട്ടേഷൻകാർക്ക് ട്രഷറി സേവിംഗ് ബാങ്ക് ചെക്കുകൾ പ്രകാരം തുക നൽകിയിട്ടുള്ളതാണ്.

126. ട്രഷറി സേവിംഗ് അക്കൗണ്ടിൽ ആവശ്യത്തിന് പണം ഇല്ലാതെ വന്നപ്പോൾ 24-4-1999-ൽ 1,40,008 രൂപയുടെ ചെക്ക് ബിൽഡിംഗ് ഇൻസ്പെക്ടർക്ക് നൽകുകയും ആയത് 11-5-1999-ൽ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് ജോലി പൂർത്തീകരിക്കുകയും അളവുകൾ 50/98-99, 51/97, 52/97 എന്നീ അളവ് പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഈ വർക്കിന് മൊത്തം 5,20,554 രൂപ ചെലവ് വന്നിട്ടുണ്ട്. ഈ ബില്ലിന്റെ ബന്ധപ്പെട്ട വൗച്ചറുകളും ബില്ലുകളും സഹിതം 25-11-1999-ൽ ബിൽഡിംഗ് ഇൻസ്പെക്ടർ ഈ ആഫീസിൽ സമർപ്പിക്കുകയും 11-12-1999 (V.R. 11 of 12/99) പ്രകാരം അഡ്വാൻസ് തുകയായ 5,19,811 രൂപ അഡ്ജസ്റ്റ് ചെയ്തിട്ടുള്ളതാണ്.

127. ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അഡ്വാൻസ് നൽകിയ തുക ട്രഷറി സേവിംഗ് ബാങ്കിൽ നിക്ഷേപിച്ചതിന്റെ പലിശ ഇനത്തിൽ 7,287 രൂ. ടി അക്കൗണ്ടിൽ നിന്നും പിൻവലിച്ച് 29-11-1999-ലെ രസീത് നമ്പർ 37168 പ്രകാരം ഓഫീസ് ട്രഷറിയിൽ അടച്ചിട്ടുള്ളതും ടി അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ളതുമാണ്. ഇത് സംബന്ധിച്ചുള്ള ഫയൽ, വൗച്ചറുകൾ, മറ്റ് രേഖകൾ, പാസ്സ് ബുക്ക്, അളവ് പുസ്തകങ്ങൾ മുതലായ രേഖകൾ ഈ ആഫീസിൽ സൂക്ഷിച്ചിട്ടുള്ളതാണ്.

128. ടി വിവരങ്ങൾ അങ്ങയുടെ അറിവിലേക്കായി റിപ്പോർട്ട് ചെയ്തു കൊള്ളുന്നു."

129. മരാമത്ത് സപ്ലൈസ് റൂൾസ് പ്രകാരം ഗുണഭോക്തൃ സമിതിക്ക് ടെൻഡർ ചെയ്യാമെന്നും ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷൻ നടത്താമെന്നും ഈ വർക്ക് ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷനുവേണ്ടി ബിൽഡിംഗ് ഇൻസ്പെക്ടറെ കൗൺസിൽ ചുമതലപ്പെടുത്തിയതാണെന്നും സാധനങ്ങൾ വാങ്ങുന്നതിന് മുൻകൂറായി കൊടുത്ത തുക ദുരുപയോഗം ചെയ്യാതിരിക്കുന്നതിനുവേണ്ടി ടിയാന്റെ പേരിൽ ട്രഷറിയിൽ സേവിംഗ്സ് അക്കൗണ്ട് തുറന്ന് പണി പൂർത്തീകരിച്ചെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതിൽ നിന്നും ലക്ഷക്കണക്കിന് രൂപ മുനിസിപ്പാലിറ്റിക്ക് ഡെപ്പോസിറ്റും

വാടകയും കിട്ടുന്നുണ്ടെന്നും അക്കൗണ്ട് ക്ലോസ് ചെയ്തപ്പോഴുണ്ടായിരുന്ന 8000 രൂപ മുനിസിപ്പൽ ഫണ്ടിൽ നിക്ഷേപിച്ചുവെന്നും നഗരസഭയ്ക്ക് വരുമാനമുണ്ടാക്കിയ പദ്ധതിയാണിതെന്നും അന്നത്തെ സെക്രട്ടറി താനായിരുന്നെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ തെളിവെടുപ്പു വേളയിൽ സമിതിയെ ബോധിപ്പിക്കുകയുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

130. പ്രസ്തുത പദ്ധതി സംബന്ധിച്ച് ഫയലുകളും മറ്റനുബന്ധ രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ വിശദമായ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും പരിശോധനയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് തീർപ്പ് കൽപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

എൻ. അനിരുദ്ധൻ,

ചെയർമാൻ,

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,

19-10-2006.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | 7, 8, 9, 10 | കായംകുളം നഗരസഭ | ടെണ്ടർ എക്സസ് അനുവദിക്കുമ്പോൾ യാതൊരുവിധ നിർമ്മാണ സാമഗ്രികളും നൽകുവാൻ പാടില്ലായെന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ, ടെൻഡർ ഉത്തരവ് അനുവദിച്ചതിനുശേഷം സിമന്റ് വാങ്ങി നൽകിയ നഗരസഭാ സെക്രട്ടറി, ശ്രീ. സെബാസ്റ്റ്യൻ, പദ്ധതിയുടെ മേൽനോട്ടം വഹിച്ച മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണ് നടത്തിയിരിക്കുന്നതെന്നും സമിതി വിലയിരുത്തുന്നു.<br><br>1996-97-ലെ പദ്ധതിയെക്കുറിച്ച് ഓഡിറ്റ് പരാമർശവും വിജിലൻസ് അന്വേഷണവും ഉണ്ടായിട്ടും, ഇതിന്മേൽ തുടർനടപടി പൂർത്തിയാക്കാതെ നഗരകാര്യ വകുപ്പ് അതിന്റെ ഭരണപരമായ കടമ നിറവേറ്റുന്നതിൽ പരാജയപ്പെട്ടതായും ഇപ്രകാരമുള്ള ഭരണപരമായ അനാസ്ഥ നഗരസഭകളിൽ അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും വർദ്ധിക്കുന്നതിന് ഇടയാക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു.<br><br>സർക്കാർ ഉത്തരവിന് വിരുദ്ധമായി കരാറിലേർപ്പെട്ടുവെന്നും അതുവഴി നഗരസഭയക്ക് നഷ്ടമുണ്ടാക്കിയെന്നുമുള്ള ഓഡിറ്റ് പരാമർശമുണ്ടായിട്ടും നഷ്ടമുണ്ടായിട്ടില്ലായെന്ന് സമിതിയുടെ തെളിവെടുപ്പു വേളയിൽ കായംകുളം നഗരസഭാ സെക്രട്ടറി സമർത്ഥിക്കാൻ ശ്രമിച്ചത് സമിതിയെ തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള ശ്രമമാണെന്ന് സമിതി കരുതുന്നു.<br><br>സർക്കാർ ഉത്തരവിനെ മറികടന്നുകൊണ്ട് നഗരസഭയ്ക്ക് നഷ്ടമുണ്ടാക്കിയ ബന്ധപ്പെട്ട |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | മുൻ സെക്രട്ടറി മുൻ മുനിസിപ്പൽ എഞ്ചിനിയർ എന്നിവരിൽ നിന്നും നഷ്ടപ്പെട്ട തുക പലിശസഹിതം ഈടാക്കുവാനും കാലഹരണമുൾപ്പെടെയുള്ള സാങ്കേതിക കാരണങ്ങളാൽ ഇതിനു കഴിയാതെവന്നാൽ യഥാസമയം നടപടി സ്വീകരിച്ച് ബന്ധപ്പെട്ടവരിൽ നിന്നും നഷ്ടം വസൂലാക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്ന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത നഷ്ടം ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 2. | 17, 18 | കായംകുളം നഗരസഭ | നഗരസഭാ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുമ്പോൾ വർഷംതോറും 5% വർദ്ധനവു വരുത്തണമെന്ന് വ്യക്തമായ സർക്കാർ ഉത്തരവുണ്ടായിരിക്കെ അക്കാര്യം കൗൺസിലിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് ഉത്തരവിനു അനുസൃതമായി വർദ്ധനവ് വരുത്തുവാൻ ബാദ്ധ്യസ്ഥനായ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ അപ്രകാരം ചെയ്യാതെ സർക്കാർ ഉത്തരവിനു വിരുദ്ധമായ കൗൺസിൽ തീരുമാനത്തിനു സാഹചര്യമൊരുക്കിയതുവഴി നഗരസഭയ്ക്ക് 42276 രൂപയുടെ നഷ്ടമാണ് വരുത്തിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത സെക്രട്ടറിയിൽ നിന്നുതന്നെ തുക പലിശ സഹിതം ഈടാക്കണമെന്നു സമിതി ശുപാർശ ചെയ്യുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ നാളിതുവരെ തുടർ നടപടി സ്വീകരിക്കാതിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആവശ്യപ്പെടണമെന്നും ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 3. | 29, 30, 31, 32 | ,, | എസ്.സി/എസ്.ടി. പദ്ധതികൾക്കായി അനുവദിക്കുന്ന തുക വകമാറ്റി ചെലവഴിക്കുവാൻ പാടില്ലായെന്ന് സർക്കാർ ഉത്തരവുണ്ടായിട്ടും അതിനു വിരുദ്ധമായി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയിൽ ടാറിനുള്ള തുക ഉൾപ്പെടുത്തിയിരുന്നിട്ടും അതുപയോഗിക്കാതെ സർക്കാർ ഉത്തരവിനു വിരുദ്ധമായി പട്ടികജാതി/പട്ടികവർഗ്ഗ പദ്ധതികൾക്കായി അനുവദിച്ച തുക ടാറിനായി വകമാറ്റി ചെലവഴിച്ചത് ഗുരുതരമായ ക്രമക്കേടാണെന്നും അതിനു ഉത്തരവാദിയായ കായംകുളം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ഇന്ദ്രബാലൻ പിള്ളക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. വിവിധ പദ്ധതികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് നിയന്ത്രിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | | ഡി.പി.സി.യുടെ അനുമതി പോലുമില്ലാതെ 10 ലക്ഷം രൂപ ധൃതിപിടിച്ച് വകമാറ്റി 1998 ഫെബ്രുവരിയിൽ ചെലവഴിച്ചിട്ടും, 1998 ഡിസംബർ വരെ 8,17,390 രൂപയുടെ ടാറേ ലഭിച്ചിട്ടുള്ളു. ഇതു സംബന്ധമായ വിശദാംശങ്ങൾ അടിയന്തിരമായി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | | വിജിലൻസ് അന്വേഷണ നടപടികൾ അനന്തമായി നീളുന്നതിനാൽ ഓഡിറ്റ് പരാമർശങ്ങളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനു സാധിക്കാതെ വരുന്നതായും പലപ്പോഴും വിജിലൻസ് അന്വേഷണം ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വ്യക്തികൾക്ക് രക്ഷപ്പെടുവാനുള്ള പഴുതായി മാറുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ പദ്ധതികളുമായി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ബന്ധപ്പെട്ട് വിജിലൻസ് നടത്തുന്ന അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി കേസുകളിൽ അതിവേഗം തീർപ്പ് കൽപിക്കുന്നതിനും ബന്ധപ്പെട്ട ഫലയലുകൾ തിരികെ നൽകുന്നതിനും വിജിലൻസ് വകുപ്പിന് (ആഭ്യന്തര വകുപ്പ്) നിർദ്ദേശം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 4. | 43, 44, 45 | കായംകുളം നഗരസഭ | നിയമസഭാ സമിതിയുടെ നിർദ്ദേശത്തെ തുടർന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് നടത്തിയ പുനഃപരിശോധനയിൽ വ്യാജ രേഖകൾ തയ്യാറാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ ശ്രമിച്ചതായി സമിതിക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ആയതിനാൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തി നഗരസഭയ്ക്ക് നഷ്ടം വരുത്തുകയും കൃത്രിമ രേഖകൾ ചമയ്ക്കുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ അടിയന്തിരമായി വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും വ്യാജരേഖ നിർമ്മിച്ചതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ ക്രിമിനൽ നടപടിചട്ടം അനുസരിച്ച് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.<br><br>പ്രസ്തുത പ്രവൃത്തിക്ക് യഥാർത്ഥത്തിൽ ചെലവായ തുക കിഴിച്ച് ബാക്കി തുക അടിയന്തിരമായി പലിശ സഹിതം കൺവീനറിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നീടാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.<br><br>സമിതി മുമ്പാകെ തെറ്റായ വിവരങ്ങളടങ്ങിയ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ച ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിക്കെതിരേയും അച്ചടക്ക നടപടി സ്വീകരിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5. | 57 | കായംകുളം നഗരസഭ | ആർ. ആർ നടപടി ത്വരിതപ്പെടുത്തി കൺവീനറിൽ നിന്നും തുക ഒരു മാസത്തിനുള്ളിൽ ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 6. | 60 | ,, | ഡി.പി.സി. അംഗീകാരത്തിന്റെ പകർപ്പ്, അളവ് തുടങ്ങിയ എല്ലാ രേഖകളും ഫയലും ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയ്ക്ക് ലഭ്യമാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 7. | 77, 78, 79 | മാവേലിക്കര നഗരസഭ | സ്റ്റേഡിയം ഗ്രൗണ്ടായിരുന്ന സ്ഥലമാണ് ബസ്സ്റ്റാൻഡ് നിർമ്മാണത്തിനേറ്റെടുത്തത്. ആറിനോടടുത്ത പ്രദേശമായതിനാൽ വെള്ളകെട്ടുണ്ടാകാനുള്ള സാദ്ധ്യത കൂടുതലായിരിക്കുമെന്ന് അറിയാമായിരുന്നിട്ടും അതിനുള്ള മുൻകരുതലുകൾ സ്വീകരിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുറപ്പിച്ച് പണി തുടങ്ങിയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അലംഭാവവും ഉത്തരവാദിത്വമില്ലായ്മയുമാണ് വെളിവാക്കുന്നതെന്ന് സമിതി അഭിപ്രായപ്പെടുന്നു.<br><br>48 ലക്ഷം രൂപയ്ക്ക് എ ബി എന്നീ രണ്ടു ബ്ലോക്കുകളിലായി ഉദ്ദേശിച്ചിരുന്ന പദ്ധതി പണി തുടങ്ങിയ ശേഷം നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമാണെന്ന നിഗമനത്തിൽ ബി ബ്ലോക്ക് ഒഴിവാക്കുവാനും എ ബ്ലോക്കിന്റെ പ്രവൃത്തി 120% വർദ്ധിച്ച നിരക്കിൽ നൽകുകയുമാണുണ്ടായത്. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വീണ്ടും ടെൻഡർ ചെയ്തിരുന്നെങ്കിൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടാകുമായിരുന്നില്ല. പ്ലാനിൽ മാറ്റം വരുത്തിയതുമൂലം പൊതുജനത്തിന് ബുദ്ധിമുട്ടുകൾ വർദ്ധിക്കുകയാണുണ്ടായത്. ആയതിനാൽ നഗരസഭയ്ക്ക് കൂടുതൽ സാമ്പത്തിക ബാദ്ധ്യത വരുത്തിവച്ച |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.<br><br>വ്യക്തമായ ധാരണയില്ലാതെയും ആസൂത്രണമില്ലാതെയും പദ്ധതികൾ നടപ്പാക്കുകയും അതിന്റെ പേരിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് നഗരസഭയ്ക്കു കടഭാരം വർദ്ധിക്കുകയും ഭാവി വികസന പ്രവർത്തനങ്ങളെ പോലും അവതാളത്തിലാക്കുന്ന തരത്തിലുള്ള അലംഭാവ സമീപനത്തിന്റെ ഉദാഹരണമാണിതെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ പദ്ധതികൾ തുടങ്ങിയ ശേഷം നിരക്കു വർദ്ധനവിനായി നഗരസഭകൾ സർക്കാരിനെ സമീപിക്കുമ്പോൾ പ്രസ്തുത പദ്ധതി സംബന്ധിച്ച് നിരക്കുവർദ്ധനവാണോ പുനർ ദർഘാസാണോ കൂടുതൽ ലാഭകരമെന്ന് വിശദമായി പരിശോധിച്ചതിനുശേഷം ലാഭകരമായത് സ്വീകരിക്കുവാനും അനുമതി നല്കുവാനും പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്. സർക്കാർ ഉത്തരവിനെ തെറ്റായി വ്യാഖ്യാനിച്ച് കരാറുകാരന് ലാഭമുണ്ടാക്കികൊടുക്കുന്നതിന് അനുകൂലമായ നിലപാടു സ്വീകരിച്ച ബന്ധപ്പെട്ട നഗരസഭാ കൗൺസിൽ അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും നഷ്ടമായ തുക ഈടാക്കേണ്ടതാണെന്നും ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 8. | 92, 93, 94, 95, 96 | മാവേലിക്കര നഗരസഭ | മാവേലിക്കര നഗരസഭ ഏറ്റെടുക്കുന്ന പ്രവർത്തികളെല്ലാം ദീർഘ വീക്ഷണമോ ആസൂത്രണമോ ഇല്ലാതെയാണ് രൂപകല്പന ചെയ്തതെന്നും ഇതുമൂലം നഗരസഭയ്ക്കു സാമ്പത്തിക നഷ്ടവും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതുമായിതീരുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു. |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | പൊതുമേഖലാ സ്ഥാപനം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടും ഉപാധികളോടെയുള്ള ടെൻഡറാണെന്ന കാരണം അത് നിരസിക്കുകയും കൂടിയനിരക്കിൽ ടെൻഡർ കൊടുത്ത സ്വകാര്യ വ്യക്തിക്ക് കരാർ നല്കിയ ശേഷം ടിയാന് അധിക നിരക്ക് വീണ്ടും വർദ്ധിപ്പിച്ച് നല്കുകയും വഴി നഗരസഭാ അധികാരികൾ ഒരു വ്യക്തിക്ക് ലാഭമുണ്ടാക്കുന്നതിനുവേണ്ടി അധികാര ദുർവിനിയോഗം നടത്തിയെന്ന് സമിതി വിലയിരുത്തുന്നു.<br><br>മാവേലിക്കര നഗരസഭയിൽ കാലാകാലങ്ങളായി നടന്നുവരുന്ന വികസന പ്രവർത്തനങ്ങളിൽ ധനദുർവ്വിനിയോഗവും ആസൂത്രണമില്ലായ്മയും നഗരസഭാ ജീവനക്കാരുടെ ഉത്തരവാദിത്വമില്ലായ്മയും പ്രകടമാണെന്നും ആയതിനാൽ നഗരസഭ ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകതകളെ സംബന്ധിച്ചും അതിൽ വിവിധ ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തെ സംബന്ധിച്ചും വകുപ്പുതലത്തിൽ വിശദമായ അന്വേഷണം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.<br><br>നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിൻമേൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാനോ തുടർനടപടി സ്വീകരിക്കുവാനോ നഗരസഭയിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാകാത്തത് ഗുരുതരമായ കൃത്യവിലോപമാണെന്നും ആയതിൽ വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ചും അന്വേഷിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.<br><br>വെറ്ററിനറി കോളേജിലെ വിദഗ്ദ്ധരുടെയും മലിനീകരണ നിയന്ത്രണ വിഭാഗത്തിന്റെ ശുപാർശയുടെയും അടിസ്ഥാനത്തിൽ ശുചിത്വപരിപാലനത്തിനാവശ്യമായ പരിഷ്കാരങ്ങൾ വരുത്തി അറവുശാലയുടെ പണിപൂർത്തിയാക്കി ഉപയോഗപ്രദമാക്കണമെന്നും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നഗരസഭയ്ക്ക് നഷ്ടമായ തുക കരാറു കാരനിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നും ഇതു സംബന്ധ മായി കോടതിയിൽ വ്യവഹാരം നിലനില്ക്കു ന്നുണ്ടെങ്കിൽ ആയതു അടിയന്തിരമായി തീർപ്പുകല്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 9. | 100 | ചേർത്തല നഗരസഭ | കാർ വാങ്ങുന്നതിന് ചെലവാക്കിയ തുക ഉപാധിരഹിത ഫണ്ടിലേക്ക് നാളിതു വരെയും തിരികെ മാറ്റിയിട്ടില്ലായെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനയിൽ വ്യക്തമായ സാഹചര്യത്തിൽ ഈ തുക നിയമാനു സരണം ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 10. | 105 | ,, | ചേർത്തല നഗരസഭ ഇലക്ട്രോണിക് ചോക്ക് വിതരണം പദ്ധതിയിൽ വിതരണത്തിനായി വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയതിൽ ബാക്കി വന്ന 128 ചോക്കുകൾ തുടർ വർഷങ്ങളിൽ വിതരണം ചെയ്തുവെന്ന് സമിതിക്ക് രേഖാമൂലം മറുപടി ലഭ്യമാക്കി യെങ്കിലും ഗുണഭോക്താക്കളെ നിയമപ്രകാരം തെരഞ്ഞെടുത്തതിന്റെ ലിസ്റ്റോ, ഗുണഭോക്താ ക്കളുടെ കൈപ്പറ്റു രസീതുകളോ ഹാജരാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിതരണം ചെയ്തുവെന്നറിയിച്ച 128 ചോക്കുകളുടേയും കൈപ്പറ്റു രസീതും ഗുണഭോക്തൃ പട്ടികയും അടിയന്തിരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനു ലഭ്യമാക്കുവാനും അല്ലാത്ത പക്ഷം 128 ചോക്കുകളുടേയും വില അന്നത്തെ നഗരസഭാ സെക്രട്ടറിയിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാനും സമിതിക്ക് വാസ്തവ വിരുദ്ധമായ മറുപടി നല്കിയ നഗരസഭാ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാനും സമിതി ശുപാർശ ചെയ്യുന്നു. |
| 11. | 114, 115, 116 117 | ആലപ്പുഴ നഗരസഭ | നഗരസഭയുടെ സാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിക്കേണ്ട സെക്രട്ടറി തന്റെ ഉത്തരവാദിത്വം നിറവേറ്റിയില്ലെന്നുള്ളതിന് തെളിവാണ് പലിശയും പിഴപ്പലിശയും അടയ്ക്കേണ്ട സാഹചര്യമൊരുക്കിയതെന്നും ഈ രീതിയിൽ തികച്ചും നിരുത്തരവാദ പരമായി പെരുമാറിയ ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | | ആലപ്പുഴ നഗരസഭാ സെക്രട്ടറി സമിതിക്ക് നല്കിയ മറുപടിയിലും തെളിവെടുപ്പു വേളയിൽ നല്കിയ മറുപടിയിലും യഥാക്രമം എ.ഡി.എ.യുടെ ബാദ്ധ്യത കൂടി നഗരസഭ ഏറ്റെടുത്തതുമൂലമാണ് കൂടുതൽ തുക കടമെടുക്കേണ്ടി വന്നതെന്നും എ.ഡി.എ.യുടെ വായ്പ സംബന്ധിച്ച് ഹഡ്കോയിൽ നിന്നുള്ള കണക്കുകൾ ലഭ്യമല്ലായെന്നു മായിരുന്നു അറിയിച്ചിരുന്നത്. എന്നാൽ പുനഃപരിശോധനയിൽ എ.ഡി.എ. യുടെ വായ്പ നഗരസഭ അടച്ചിട്ടില്ലെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. കൂടാതെ 5 ലക്ഷം രൂപയിൽ കൂടുതൽ ഒറ്റത്തവണ ട്രഷറിയിൽ നിന്നും പിൻവലിക്കാൻ സാധിക്കാത്തതി നാലാണ് പല തവണകളായി 5 ലക്ഷം വീതം പിൻവലിച്ച് കെ.യു.ഡി.എഫ്.സി.യിൽ അടച്ചതെന്നും തെളിവെടുപ്പുവേളയിൽ സമിതിയെ അറിയിച്ചിരുന്നു. എന്നാൽ 30-6-1998-ൽ പിൻവലിച്ച 25 ലക്ഷം രൂപ 14-10-1998 മുതൽ 23-11-1998 വരെയുള്ള കാലയളവിൽ 5 ഗഡുക്കളായി അടച്ചതായിട്ടാണ് പുനഃപരിശോധനയിൽ ബോദ്ധ്യപ്പെട്ടത്. |
| | | | ആയതിനാൽ നിയമസഭാ സമിതിയെ ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കുവാൻ വേണ്ടി അവാസ്തവങ്ങളായ മറുപടി നല്കുക വഴി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സമിതിയോട് അനാദരവ് കാട്ടിയ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാനും ഭാവിയിൽ ഇത്തരം പ്രവണതകൾ ആവർത്തിക്കാത്ത വിധത്തിൽ മാതൃകാപരമായ നടപടികൾ സ്വീകരിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.<br>ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിക്കെതിരെയും ഫയലുകൾ കൈകാര്യം ചെയ്തിരുന്ന മറ്റുദ്യോഗസ്ഥർക്കെതിരെയും വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 12. | 121 | തിരുവല്ല | വകുപ്പ് അദ്ധ്യക്ഷന്റെ ഉത്തരവ് യഥാസമയം നടപ്പാക്കാതിരുന്നതുമൂലമാണ് 20 ഇരട്ടിയോളം തുക നഷ്ടപരിഹാരമായി നല്കേണ്ടിവന്നത്. ഇപ്രകാരം നഗരസഭയ്ക്ക് അധികബാദ്ധ്യത ഉണ്ടാക്കിയ ഉദ്യോഗസ്ഥ നെതിരെ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം ശ്രീ. വർക്കിക്ക് അനുവദിച്ച തുകയും അതിനോടനുബന്ധിച്ചുള്ള കോടതി ചെലവുകൾ ഉൾപ്പെടെയുള്ള മറ്റ് ചെലവുകളും തിട്ടപ്പെടുത്തി അന്നത്തെ സെക്രട്ടറിയിൽ നിന്നും പ്രസ്തുത തുക ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 13. | 130 | ,, | പ്രസ്തുത പദ്ധതി സംബന്ധിച്ച് ഫയലുകളും മറ്റനുബന്ധ രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ വിശദമായ പരിശോധനയ്ക്കു ലഭ്യമാക്കുവാനും പരിശോധനയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് തീർപ്പ് കൽപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |